2024 SEPTEMBER
25
WEDNESDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# സെൻസെക്സ് ആദ്യമായി 85,000 ഭേദിച്ചു

**മുംബൈ:** ഇന്ത്യൻ ഓഹരി സൂചികകളായ സെൻസെക്സും നിഫ്റ്റിയും തുടർച്ചയായി റെക്കോർഡ് തകർത്ത് ഉയരുന്നു. സെൻസെക്സ് ചരിത്രത്തിലാദ്യമായി 85,000 പോയിന്റ് ഭേദിച്ചപ്പോൾ നിഫ്റ്റിയും 25,981 എന്ന റെക്കോർഡ് ഉയരം തൊട്ടു. വ്യാപാരം ഉച്ചയ്ക്കത്തെ സെഷനിലേക്ക് അടുക്കവേ നിഫ്റ്റിയുള്ളത് പക്ഷേ, 14.75 പോയിന്റ് (0.06%) നഷ്ടവുമായി 25,924ലും സെൻസെക്സുള്ളത് 61 പോയിന്റ് (0.08%) താഴ്ന്ന് 84,862ലുമാണ്. ഇന്നൊരുവേള സെൻസെക്സ് 85,058 വരെ എത്തിയിരുന്നു.

ആഗോള വ്യാവസായിക ഭൂപടത്തിൽ മുഖ്യസ്ഥാനമുള്ള ചൈന ആഭ്യന്തര വളർച്ച ശക്തിപ്പെടുത്താനായി രക്ഷാപ്പാക്കേജ് പ്രഖ്യാപിക്കാൻ ഒരുങ്ങുന്ന പശ്ചാത്തലത്തിൽ മെറ്റൽ ഓഹരികൾ നടത്തുന്ന മികച്ച പ്രകടനമാണ് ഇന്ന് ഇന്ത്യൻ ഓഹരി സൂചികകളെ തുടക്കത്തിൽ റെക്കോർഡിലേക്കു നയിച്ചത്. റിലയൻസ് ഇൻഡസ്ട്രീസും ടൈറ്റനും ഐസിഐസിഐ ബാങ്കും കൊട്ടക് ബാങ്കും അടക്കമുള്ള വൻകിട ഓഹരികൾ തളർന്നതു സൂചികകളെ പിന്നീടു നഷ്ടത്തിലേക്കും നയിച്ചു.



ലോകത്തെ രണ്ടാമത്തെ വലിയ സാമ്പത്തികശക്തിയായ ചൈനയുടെ കേന്ദ്രബാങ്ക് പീപ്പിൾസ് ബാങ്ക് ഓഫ് ചൈന വൈകാതെ അടിസ്ഥാന പലിശനിരക്ക് 0.2% കുറച്ച് 1.5 ശതമാനമാക്കുമെന്ന സൂചന ബാങ്കിന്റെ ഗവർണർ പാൻ ഗോങ്ഷെങ് നൽകിയിട്ടുണ്ട്. പുറമേ ബാങ്കുകളുടെ കരുതൽ ധന അനുപാതം അരശതമാനം ഉടനടിയും പിന്നാലെ 0.25 ശതമാനമോ അരശതമാനമോ കുറയ്ക്കുമെന്ന സൂചനയും പാൻ നൽകി. ആഭ്യന്തര സമ്പദ്വ്യവസ്ഥയെ കരകയറ്റാനുള്ള ഈ നടപടികൾ അടിസ്ഥാന സൗകര്യ മേഖലയ്ക്കു കരുത്താകുമെന്നും സ്റ്റീൽ ഡിമാൻഡ് കൂടുമെന്നുമുള്ള വിലയിരുത്തലുകളെ തുടർന്ന് മെറ്റൽ കമ്പനികളുടെ ഓഹരികൾ മികച്ച നേട്ടത്തിലേറി. നാൽകോ 5%, എൻഎംഡിസി 4.5%, സെയിൽ 3% എന്നിങ്ങനെ നേട്ടത്തിലാണ്.



## കനത്ത സുരക്ഷയിൽ ജമ്മുകശ്മീർ രണ്ടാംഘട്ട വോട്ടെടുപ്പ്

**ശ്രീനഗർ:** ജമ്മുകശ്മീർ നിയമസഭയിലേക്കുള്ള രണ്ടാംഘട്ട വോട്ടെടുപ്പ് ഇന്ന്. 26 മണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ 3502 പോളിങ് സ്റ്റേഷനുകളാണ് സജ്ജമാക്കിയത്.

നാഷണൽ കോൺഫറൻസ് നേതാവും മുൻമുഖ്യമന്ത്രിയുമായ ഒമർ അബ്ദുള്ള, കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ താരിഖ് ഹമീദ് കാര, ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ രവീന്ദർ റെയ്നയുൾപ്പെടെ ഈഘട്ടത്തിൽ ജനവിധി തേടും. ഭീകരവാദ ഭീഷണിയുള്ള പൂഞ്ച്, രജൗരി മേഖലകൾ കനത്ത സുരക്ഷാ വലയത്തിലായിരിക്കും വോട്ട് രേഖപ്പെടുത്തുക. അവസാനഘട്ട വോട്ടെടുപ്പ് ഒക്ടോബർ ഒന്നിനാണ്. വോട്ടെണ്ണൽ എട്ടിന്.

പത്തു വർഷത്തിനുശേഷമാണ് തിരഞ്ഞെടുപ്പ്. ജമ്മുകശ്മീരിന് പ്രത്യേക പദവിനൽകുന്ന ഭരണഘടനയുടെ 370ാം അനുച്ഛേദം പിൻവലിച്ചതിനുശേഷമുള്ള ആദ്യ തിരഞ്ഞെടുപ്പുകൂടിയാണിത്.

നാഷണൽ കോൺഫറൻസും കോൺഗ്രസും സി.പി.എമ്മും അടങ്ങുന്ന ഇന്ത്യസഖ്യവും ബി.ജെ.പിയും തമ്മിലാണ് പ്രധാന മത്സരം. പി.ഡി.പി.യും ചെറുപാർട്ടികളും സജീവമായി മത്സരരംഗത്തുണ്ട്. പലയിടങ്ങളിലും ചതുഷ്കോണമത്സരമാണ്. 370ാം അനുച്ഛേദം പിൻവലിച്ചതും ജമ്മുകശ്മീരിന് സംസ്ഥാനപദവി തിരികെ ലഭിക്കണമെന്ന വാദവും പ്രചാരണവേദികളിൽ ശക്തമാണ്.

## ബെയ്റൂട്ടിലും വ്യോമാക്രമണം; മരണസംഖ്യ 560 ആക്രമണം കടുപ്പിച്ച് ഇസ്രയേൽ

**ബെയ്റൂട്ട്:** ലെബനൻ തലസ്ഥാനമായ ബെയ്റൂട്ടിലേക്കു കൂടി ഇസ്രയേൽ വ്യോമാക്രമണം വ്യാപിപ്പിച്ചതോടെ പശ്ചിമേഷ്യയിലെ സംഘർഷം കൂടുതൽ രൂക്ഷം. തുടർച്ചയായ രണ്ടു ദിവസങ്ങളിൽ ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ മരണസംഖ്യ 560 ആയി ഉയർന്നു.

തെക്കൻ ലെബനനിൽ നിന്ന് ഇന്നലെയും പലായനം തുടർന്നു. ആക്രമണ ഭീതി പടർന്നതോടെ ബെയ്റൂട്ട് നിവാസികളും രാജ്യത്തിൻറെ വടക്കൻ മേഖലയിലേക്കു നീങ്ങിത്തുടങ്ങി. ബെയ്റൂട്ടിലേക്കുള്ള വിമാന സർവീസുകൾ നിർത്തിവച്ചു. ഹിസ്ബുള്ള ഭീകരൻ ഇബ്രാഹിം ഖുബൈസിയടക്കം 15 പേർ ബെയ്റൂട്ടിനെ നടുക്കിയ മിസൈലാക്രമണത്തിൽ കൊല്ലപ്പെട്ടു.

ബെയ്റൂട്ടിലും തീരദേശ നഗരം സിഡോണിലും സ്കൂളുകളിൽ അഭയാർഥി ക്യാംപുകളൊരുക്കിയിട്ടുണ്ട് ലെബനൻ. കൂട്ടപ്പലായനത്തെത്തുടർന്ന് തെക്കൻ ലെബനനിലെ റോഡുകളിൽ ഗതാഗതക്കുരുക്ക് രൂക്ഷം. കിലോമീറ്ററുകൾ നീളുന്ന വാഹന നിരകൾ രൂപപ്പെട്ടു. സിറിയൻ




അതിർത്തിയിലും ഗതാഗതക്കുരുക്ക് രൂക്ഷമാണ്. ഇസ്രയേലിലെ എട്ടു കേന്ദ്രങ്ങളിൽ റോക്കറ്റാക്രമണം നടത്തിയെന്ന് ഹിസ്ബുള്ള അവകാശപ്പെട്ടു. അതിർത്തിയിൽ നിന്ന് 60 കിലോമീറ്റർ അകലെ സിക്രോൺ യാക്കോവിലുള്ള ഇസ്രയേലിൻറെ സ്ഫോടകവസ്തു നിർമാണ ശാല തകർത്തെന്നും ഹിസ്ബുള്ള. 55 റോക്കറ്റുകൾ വടക്കൻ ഇസ്രയേലിനു നേരേ ഹിസ്ബുള്ള പ്രയോഗിച്ചതായി ഇസ്രേലി സേനയും അറിയിച്ചു. ബെയ്റൂട്ടിൽ കൃത്യമായ രഹസ്യാന്വേഷണ വിവരത്തിൻറെ അടിസ്ഥാനത്തിലാണ് വ്യോമാക്രമണം നടത്തിയതെന്ന് ഇസ്രയേൽ. 1990ലെ ആഭ്യന്തര കലാപത്തിനുശേഷം ലെബനൻ നേരിടുന്ന ഏറ്റവും വലിയ ആക്രമണമാണ് ഇപ്പോഴത്തേത്.

ഹിസ്ബുള്ളയുടെ റോക്കറ്റ്, ഡ്രോൺ, മിസൈൽ വിന്യാസം പൂർണമായി തകർത്ത് വടക്കൻ ഇസ്രയേൽ സുരക്ഷിതമാക്കിയശേഷം ഇവിടെ നിന്ന് പലായനം ചെയ്ത 60000 പൗരന്മാരെ തിരികെ വീടുകളിലെത്തിക്കുകയാണ് ഇസ്രയേലിൻറെ ലക്ഷ്യം. ഫത്തേ 110, യാക്കോഹ് തുടങ്ങി ഇസ്രയേലിലെ ടെൽ അവീവ് വരെ ആക്രമിക്കാൻ ശേഷിയുള്ള മിസൈലുകൾ ഹിസ്ബുള്ളയുടെ കൈവശമുണ്ട്. എന്നാൽ, ഇവർ ഇത് ഉപയോഗിക്കാനിടയില്ലെന്നാണു വിലയിരുത്തൽ. ഈ മിസൈലുകൾ പ്രയോഗിച്ചാൽ ഇസ്രയേൽ സർവസന്നാഹവുമുപയോഗിച്ച് തിരിച്ചടിക്കുമെന്നും ഇത് ലെബനനെ പൂർണമായി തകർക്കുമെന്നും ഹിസ്ബുള്ള നേതൃത്വം ഭയക്കുന്നുണ്ടെന്നു ബിബിസിയുടെ ഫ്രാങ്ക് ഗാർഡ്നർ പറയുന്നു.



# വി.വി.അഗസ്റ്റിന്റെ ജീവചരിത്രം 'മറയില്ലാതെ മറവിയില്ലാതെ' പ്രകാശനം നാളെ




**കൊച്ചി :** ദേശീയ ന്യൂനപക്ഷ കമ്മീഷൻ മുൻ അംഗം, കേരള കത്തോലിക്കാ കോൺഗ്രസിന്റെ മുൻ പ്രസിഡന്റ്, ടെക്നോളജിസ്റ്റ്, സംരംഭകൻ, കെ.വി.വി.ഇ.എസ് മുൻ സംസ്ഥാന വൈസ്പ്രസിഡന്റ് തുടങ്ങിയ നിലകളിലും നാഷണൽ പ്രോഗ്രസീവ് പാർട്ടി ചെയർമാനുമായ വി.വി.അഗസ്റ്റിന്റെ ജീവചരിത്രം 'മറയില്ലാതെ മറവിയില്ലാതെ' പ്രകാശനം നാളെ (26.09.2024, വ്യാഴം) നടക്കും.

പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ (പി.ഒ.സി) വൈകിട്ട് 3 ന് സംഘടിപ്പിച്ചിരിക്കുന്ന ചടങ്ങിൽ കാലടി സംസ്കൃത സർവ്വകലാശാല മുൻ വൈസ് ചാൻസിലറും സാഹിത്യകാരനുമായ ഡോ.കെ.എസ്.രാധാകൃഷ്ണൻ, സീറോ മലബാർ സഭ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയംപുരയ്ക്കലിന് നൽകി പ്രകാശനം ചെയ്യും. ചടങ്ങിൽ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കും. 1971ലെ ഇന്ത്യ പാക്കിസ്ഥാൻ യുദ്ധം, പേർഷ്യൻ ഭരണാധികാരി ഷായുടെ വീഴ്ച്ചയും റിപ്പബ്ലിക്ക് ഓഫ് ഇറാന്റെ പിറവിയും, ഇസ്രായേലിന്റെ ചാരസംഘടനയായ മൊസാദിന്റെ പ്രവർത്തന രീതി തുടങ്ങി ഒട്ടനവധി സംഭവബഹുലമായ സംഭവങ്ങൾക്ക് നേർസാക്ഷിയായതിന്റെ വിവരണങ്ങൾ അടങ്ങിയതാണ് ജീവചരിത്രം.സീറോമലബാർ സഭയുടെ മുൻ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടേതാണ് ആമുഖം.

## ഹോസ്റ്റൽ ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ കുടുംബ സംഗമം നാളെ ; മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും

**കൊച്ചി:** ഹോസ്റ്റൽ ഓണേഴ്സ് വെൽഫെയർ അസോസിയേഷന്റെ (എച്ച്.ഒ.ഡബ്ല്യു.എ) കുടുംബ സംഗമവും ഓണാഘോഷവും നാളെ (സെപ്തംബർ 26, വ്യാഴം) കലൂർ എ.ജെ ഹാളിൽ നടക്കും. രാവിലെ 10 ന് ആരംഭിക്കുന്ന സമ്മേളനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഹൈബി ഈഡൻ എം.പി മുഖ്യാതിഥിയാകും. വെൽഫെയർ ഫണ്ടിന്റെ വിതരണം ടി.ജെ വിനോദ് എം.എൽ.എ നിർവ്വഹിക്കും. സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് പി.കെ.സുലൈമാൻ അധ്യക്ഷത വഹിക്കും. ജനറൽ സെക്രട്ടറി പി.കെ. സെയ്ദ് മുഹമ്മദ്, ട്രഷറർ ഗിരിജ, വൈസ് പ്രസിഡന്റ് ജബ്ബാർ മുഹമ്മദ്, ജോയിന്റ് സെക്രട്ടറി നസിം ഹംസ, കെ.വി.വി.ഇ.എസ് ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ. റിയാസ്, കൊച്ചി കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ കെ.എ. അൻസിയ, മുൻ മേയർ ടോണി ചമ്മണി, സീമ കണ്ണൻ, പി. എം യൂനസ്, പി ആർ റെനിഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

## വിശ്വമാനവികതയുടെ പ്രവാചകൻ കഥാപ്രസംഗം ശനിയാഴ്ച്

**കൊച്ചി :** കേരള നവോത്ഥാന നായകരിൽ അഗ്രിമ സ്ഥാനം അലങ്കരിക്കുന്ന ശ്രീനാരായണ ഗുരുവിന്റെ ജീവിത പശ്ചാത്തലത്തെ അധികരിച്ചു നടത്തുന്ന കഥാപ്രസംഗം. കെടാമംഗലം സദാനന്ദന്റെ പൗത്രൻ സൂരജ് സത്യൻ ചാവറ കൾച്ചറൽ സെന്ററിൽ സെപ്തംബര് 28, ശനി, വൈകുന്നേരം 6 മണിക്ക് അവതരിപ്പിക്കുന്നു. പ്രവേശനം സൗജന്യം.

## വൈ.എം.സി.എ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പ്

**കൊച്ചി :** വൈ.എം.സി.എ എറണാകുളം സൗത്ത് ഏരിയ ബ്രാഞ്ചിന്റെയും, ഗ്ലോഡീസ് ടേബിൾ ടെന്നിസ് അ ക്കാഡമിയുടെയും സംയുക്താഭിമുഖ്യത്തിൽ ഓൾ കേരള പ്രൈസ് മണി ടേബിൾ ടെന്നിസ് ടൂർണമെന്റ് സെപ്റ്റംബർ 27,28,29 തീയതികളിൽ വൈഎംസിഎ സൗത്ത് ഏരിയ ബ്രാഞ്ച് കടവന്ത്രയിൽ നടത്തപ്പെടുന്നു. 15 വിഭാഗങ്ങളിലായി മൂന്നുദിവസ മൂന്ന് ദിവസങ്ങളിലായിരിക്കും ടൂർണമെന്റ് നടത്തപ്പെടുക .27ന് രാവിലെ 11 മണിക്ക് ബഹു.എം.പി ശ്രീ.ഹൈബി ഈഡൻ ടൂർണമെന്റ് ഉദ്ഘാടനം ചെയ്യും. വൈഎംസി എറണാകുളം പ്രസിഡന്റ് ഡോ. ടെറി തോമസ് അധ്യക്ഷത വഹിക്കും.

## സ്പോട്ട് അഡ്മിഷൻ

**തിരുവനന്തപുരം:** തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിങ്ങിലെ (സി.ഇ.ടി) എം.ടെക്/എം.ആർക്ക് സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 26നു നടക്കും. കൂടുതൽവിവരങ്ങൾക്ക്: www.cet.ac.in.



വേൾഡ് സ്കിൽ 2024 മത്സരത്തിലെ ഇൻഡസ്ട്രി 4.0 വിഭാഗത്തിലെ വെങ്കലമെഡലുമായി ധ്രുമിൽകുമാർ ഗാന്ധി, സത്യജിത്ത് ബാലകൃഷ്ണൻ എന്നിവർ

# വേൾഡ് സ്കിൽസ് കോമ്പറ്റീഷനിൽ ഇന്ത്യൻ തിളക്കം; വെങ്കലവുമായി തൃശൂർ സ്വദേശി

**കൊച്ചി:** ഫ്രാൻസിലെ ലിയോണിൽ നടന്ന വേൾഡ് സ്കിൽ കോമ്പറ്റീഷനിൽ തിളങ്ങി തൃശൂർ സ്വദേശി. സെപ്റ്റംബർ 10 മുതൽ 15 വരെ നടന്ന വേൾഡ് സ്കിൽ കോമ്പറ്റീഷനിൽ ഇൻഡസ്ട്രി 4.0 കാറ്റഗറിയിൽ വെങ്കലമെഡലുമായി ഇന്ത്യൻ ജയം അടയാളപ്പെടുത്തിയിരിക്കുകയാണ് തൃശൂർ സ്വദേശി സത്യജിത്ത് ബാലകൃഷ്ണൻ. നാംടെക് (ന്യൂ ഏജ് മേക്കേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി)യിലെ ആദ്യ ബാച്ച് വിദ്യാർത്ഥികളായ സത്യജിത്ത് ബാലകൃഷ്ണൻ, ധ്രുമിൽകുമാർ ഗാന്ധി എന്നിവരാണ് മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് മത്സരിച്ച് വിജയിച്ചത്.

യുവാക്കളുടെ കഴിവുകളെ പ്രചോദിപ്പിക്കാനും പാഷനെ പ്രൊഫഷനാക്കി മാറ്റാനും ലക്ഷ്യമിട്ടാണ് രണ്ടുവർഷം കൂടുമ്പോൾ ഒളിംപിക്സ് ഓഫ് സ്കിൽസ് എന്ന് അറിയപ്പെടുന്ന വേൾഡ് സ്കിൽ കോമ്പറ്റീഷൻ നടക്കുന്നത്. അഞ്ചു ദിവസങ്ങളിലായി നടന്ന ഈ വർഷത്തെ മത്സരത്തിൽ 89 രാജ്യങ്ങളിൽ നിന്നുള്ള യുവ പ്രൊഫഷണലുകൾ വിവിധ വിഭാഗങ്ങളിൽ മത്സരിച്ചു. സ്കിൽ ഇന്ത്യ മിഷൻ പോലുള്ള വിവിധ സംരംഭങ്ങളിലൂടെ ഇന്ത്യയെ ലോകത്തിന്റെ നൈപുണ്യ തലസ്ഥാനമാക്കി മാറ്റാനുള്ള ശ്രമങ്ങളുടെ ഫലമായി മത്സരത്തിൽ നാല് വെങ്കലമെഡലുകളും 12 മെഡലുകളും നേടി ഇന്ത്യ 13ാം സ്ഥാനം സ്വന്തമാക്കി.

നാംടെക് ഇന്റർനാഷണൽ പ്രൊഫഷണൽ മാസ്റ്റേഴ്സ് പ്രോഗ്രാമിലെ ആദ്യ ബാച്ച് അംഗങ്ങളായ സത്യജിത്ത് ബാലകൃഷ്ണനും ധ്രുമിൽകുമാർ ഗാന്ധിയും വേൾഡ് സ്കിൽസിന്റെ ദേശീയ ചാപ്റ്ററായ ഇന്ത്യാ സ്കിൽസ് കോമ്പറ്റീഷനിൽ ചാംപ്യൻമാരായാണ് ഇന്ത്യയെ പ്രതിനിധീകരിക്കാൻ അവസരം നേടിയെടുത്തത്. നിർമാണ നിർവഹണ സംവിധാനങ്ങൾ (എം.ഇ.എസ്), ഓട്ടോമേഷൻ (സിമുലേഷൻ, ഡിജിറ്റൽ ടിവിൻ), കണക്റ്റിവിറ്റി (ക്ലൗഡ് കംപ്യൂട്ടിങ്ങ്, സൈബർ സുരക്ഷ, ഐ.ഐ.ഒ.ടി), ഇന്റലിജൻസ് (ഡാറ്റ അനലിറ്റിക്സ് ആൻഡ് മെഷീൻ ലേണിങ്ങ്) എന്നിവയുമായി ബന്ധപ്പെട്ട വൈദഗ്ധ്യം പരിശോധിക്കുന്ന ഇൻഡസ്ട്രി 4.0 വിഭാഗത്തിൽ ആഗോളവേദിയിൽ ഇന്ത്യയുടെ ആദ്യ പോഡിയം ഫിനിഷാണ് ഇവരുടെ ജയത്തോടെ നേടാനായത്. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന, ഡിജിറ്റൽ ഫസ്റ്റ് വേൾഡിൽ കമ്പനികൾക്ക് അഭിവൃദ്ധി പ്രാപിക്കാൻ ഈ കഴിവുകൾ അത്യന്താപേക്ഷിതമാണ്.

കേരളത്തിലെ തൃശൂർ സ്വദേശിയായ സത്യജിത്ത് ബാലകൃഷ്ണൻ (24) ഡിസൈനിലും മാനുഫാക്ചറിംഗിലും സ്പെഷ്യലൈസേഷനോടെ മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബി.ടെക് പൂർത്തിയാക്കിയ ശേഷമാണ് നാംടെക്കിൽ ചേർന്നത്. സ്മാർട്ട് മാനുഫാക്ചറിങ്ങിൽ ഇന്റർനാഷണൽ പ്രൊഫഷണൽ മാസ്റ്റേഴ്സ് പ്രോഗ്രാം ചെയ്തത് കൂടുതൽ ശ്രദ്ധയോടെ കാര്യങ്ങളോട് പ്രതികരിക്കാൻ പ്രാപ്തനാക്കിയെന്ന് വിജയത്തെക്കുറിച്ച് സത്യജിത്ത് ബാലകൃഷ്ണൻ പറഞ്ഞു.

ഗുജറാത്തിലെ വഡോദര സ്വദേശിയായ ധ്രുമിൽകുമാർ ഗാന്ധി (23) ബിടെക് മെക്കാനിക്കൽ എൻജിനിയറിങ്ങ് പൂർത്തിയാക്കിയ ശേഷമാണ് ഇതേ പ്രോഗ്രാമിൽ ചേർന്നത്. ഇന്ത്യയെയും നാംടെക്കിനെയും പ്രതിനിധീകരിച്ച് മത്സരത്തിൽ പങ്കെടുക്കാനായതിൽ സന്തോഷമുണ്ടെന്നും വിജയത്തിനായി പരമാവധി പരിശ്രമം നടത്തിയെന്നും ഇനിയും ഇത് പിന്തുടരുമെന്നും വിജയത്തെപ്പറ്റി അദ്ദേഹം പറഞ്ഞു.

ഇൻഡസ്ട്രി 4.0യിൽ സമഗ്രമായ ഒരു വർഷത്തെ ബിരുദാനന്തര ബിരുദ പ്രോഗ്രാം വാഗ്ദാനം ചെയ്യുന്ന ഇന്ത്യയിലെ ചുരുക്കം ചില സ്ഥാപനങ്ങളിലൊന്ന് എന്ന നിലയിൽ വിദ്യാർത്ഥികളുടെ ഈ നേട്ടം അഭിമാനാർഹമാണെന്നും നാംടെക്കിന്റെ നൂതനമായ അധ്യാപനത്തെയാണ് ഇത് എടുത്തുകാണിക്കുന്നതെന്നും നാംടെക് ഡയറക്ടർ ജനറൽ അരുൺകുമാർ പിള്ള പറഞ്ഞു. ഒരു വർഷം മാത്രം പ്രായമുള്ള ഒരു സ്ഥാപനമെന്ന നിലയിൽ അസാധാരണമായ പ്രകടനം കാഴ്ചവെയ്ക്കാൻ വിദ്യാർത്ഥികൾക്കായത് ഫാക്കൽറ്റികളുടെ നിലവാരത്തിലും അധ്യാപനത്തിലും നേട്ടമാണ്. എക്സ്പീരിയെൻഷ്യൽ ലേണിങ്ങ് മോഡലുകളിലൂടെ വിദ്യാർത്ഥികളെ സ്വതന്ത്രമായി പരിഹാരങ്ങൾ കണ്ടെത്താനും കാര്യങ്ങൾ കൈകാര്യം ചെയ്യാനും പ്രാപ്തരാക്കുന്ന രീതിയിലാണ് നാംടെക്കിലെ പഠന രീതി. വ്യവസായ മേഖലയ്ക്ക് വേണ്ട രീതിയിൽ ഡിജിറ്റൽ, സുസ്ഥിര സംരംഭങ്ങൾക്ക് പ്രാപ്തരായ ലോകോത്തര പ്രൊഫഷണലുകളായി ബിരുദധാരികളെ മാറ്റുന്ന രീതിയിലാണ് നാംടെക്കിലെ പ്രോഗ്രാമുകളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സത്യജിത്ത് ബാലകൃഷ്ണനെയും ധ്രുമിൽകുമാർ ഗാന്ധിയെയും പരിശീലിപ്പിക്കുന്നതിൽ നാംടെക്കിലെ സ്മാർട്ട് മാനുഫാക്ചറിങ്ങ് സീനിയർ ലക്ചററായ ദിശാങ്ക് ഉപാധായ നിർണായക പങ്ക് വഹിച്ചു. ഇൻഡസ്ട്രി 4.0 വിഭാഗത്തിൽ വേൾഡ് സ്കിൽസിൽ മൂല്യനിർണയം നടത്തുന്നതിനുള്ള നിർബന്ധിത മൂല്യനിർണയ പരിശീലനവും ദിശാങ്ക് പൂർത്തിയാക്കിയിട്ടുണ്ട്.

## മൂന്നാം തൊഴിൽ കമ്മീഷനെ നിയമിക്കണം: തമ്പാൻ തോമസ്

**കൊച്ചി :** തൊഴിൽ മേഖലയിലെ ഗുരുതരമായ അനാസ്ഥ അന്ന സെബാസ്റ്റ്യൻ പോലെയുള്ള രക്തസാക്ഷികളെ സൃഷ്ടിക്കുകയാണ്ഐടി മേഖലയിൽ എല്ലാ നിയമങ്ങളും കാറ്റിൽ പറത്തിക്കൊണ്ട് വർക്ക് ഫ്രം ഹോമിന്റെ മറവിൽ പതിനഞ്ചും പതിനെട്ടും മണിക്കൂർ തൊഴിൽ എടുപ്പിക്കുന്നത് നിത്യസംഭവവുമായി മാറിയിരിക്കുകയാണ് ഒരു രണ്ടാം മെയ് വിപ്ലവം അനിവാര്യമാക്കുന്ന സാഹചര്യമാണ് ഇന്ന് തൊഴിൽ മേഖലയിൽ ഉള്ളത്. നിലവിലുള്ളലേബർ കോഡുകൾ അസാധുവായി മാറിയിരിക്കുന്നു. തൊഴിൽ മേഖലയിലെ നിയമപരിരക്ഷകൾ സ്തംഭിച്ചിട്ട് പത്തുവർഷത്തിലധികമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ലേബർ കോഡുകൾ പ്രതിലോമപരവും അസ്വീകാര്യവുമാണ് തൊഴിലാളി സംരക്ഷണമോ നിയമ പരിരക്ഷയോ ഇല്ലാതാക്കി വ്യാപാരം സുഗമമാക്കുക പരിശോധനകൾ ഇല്ലാതാക്കുക. 44 തൊഴിൽ നിയമങ്ങളിൽ 15 നിയമങ്ങൾ റദ്ദാക്കിയും 29 നിയമങ്ങൾ ഏകീകരിച്ചും ഉണ്ടാക്കിയതാണ് പുതിയ നാല് ലേബർ കോഡുകൾ സംശുദ്ധ രൂപംഇവ അശാസ്ത്രീയവും ഭരണഘടന വിരുദ്ധവും അപ്രായോഗ്യവുമാണ് അന്തർദേശീയ തൊഴിലാളി കൺവെൻഷനുകളുടെയും, മനുഷ്യാവകാശങ്ങളുടെയും ലംഘനമാണ് ഇത്തരം സാഹചര്യത്തിൽ മൂന്നാം തൊഴിൽ കമ്മീഷനെ അടിയന്തരമായി നിയമിക്കുകയും തൊഴിൽ ഇടങ്ങളിലെ മുഴുവൻ പ്രതിസന്ധികളും പരിഗണിച്ച് പുത്തൻ നിയമ സംഹിത രൂപീകരിക്കുകയും വേണം.പത്രസമ്മേളനത്തിൽ എച്ച് എം എസ് സംസ്ഥാന ജനറൽ സെക്രട്ടറി ടോമി മാത്യു പങ്കെടുത്തു.

# വൈദ്യുത വിതരണ മേഖലയിലെ സമഗ്ര പുരോഗതിക്കായി മലപ്പുറം പാക്കേജ് നടപ്പാക്കും

**മലപ്പുറം:** ജില്ലയിലെ വൈദ്യുത വിതരണ മേഖലയിലെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് മലപ്പുറം പാക്കേജ് എന്ന പേരിൽ പ്രത്യേക പാക്കേജ് നടപ്പാക്കുമെന്ന് സംസ്ഥാന വൈദ്യുത വകുപ്പു മന്ത്രി കെ. കൃഷ്ണൻ കുട്ടി. തിരൂരിനടുത്ത വെങ്ങാലൂരിൽ കെ.എസ്.ഇ.ബി സ്ഥാപിക്കുന്ന 220 കെ.വി സബ്സ്റ്റേഷന്റെ നിർമാണോദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. 2032 ഓടെ പൂർത്തിയാകുന്ന രീതിയിൽ ദീർഘകാല പദ്ധതിയാണ് മലപ്പുറം പാക്കേജിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നത്. പാക്കേജ് പൂർത്തിയാകുന്നതോടെ ജില്ല നേരിടുന്ന വോൾട്ടേജ് ക്ഷാമം, അടിക്കടിയുള്ള വൈദ്യുതി തടസ്സങ്ങൾ എന്നിവയ്ക്ക് ശാശ്വതമായ പരിഹാരമാവും. ജില്ലയിലെ വ്യവസായ പുരോഗതിയും ലക്ഷ്യമാക്കിയാണ് പാക്കേജ് നടപ്പാക്കുന്നത്. പാക്കേജിലെ വിവിധ പദ്ധതികൾ മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് 2032 ഓടെ പൂർത്തീകരിക്കുമെന്നും മന്ത്രി പറഞ്ഞു. വൈദ്യുത മേഖലയിലെ പല പദ്ധതികളും ചെറിയ എതിർപ്പുകളും മറ്റും മൂലം തടസ്സപ്പെട്ടിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ജനപ്രതിനിധികൾ അടക്കമുള്ളവരുടെ പിന്തുണ ആവശ്യമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പുല്ലൂനാർ നെടിയോടത്ത് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ 110 കെവി സബ്സ്റ്റേഷന്റെ ഉദ്ഘാടനം കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാനും നിർവഹിച്ചു. ചടങ്ങിൽ കുറുക്കോളി മൊയ്തീൻ എം.എൽ.എ അധ്യക്ഷനായിരുന്നു. ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി, തിരൂർ ബ്ലോക്ക് പഞ്ചായത്ത് പഞ്ചായത്ത് അഡ്വ. യു സൈനുദ്ദീൻ, തലക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. പുഷ്പ, കെ.എസ്.ഇബി ട്രാൻസ്മിഷൻ ആന്റ് സിസ്റ്റം ഡയറക്ടർ സജി പൗലോസ്, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ അഡ്വ. പി. ഹംസക്കുട്ടി, അഡ്വ. കെ ഹംസ, പിമ്പുറത്ത് ശ്രീനിവാസൻ, അഡ്വ. ഷമീർ പയ്യനങ്ങാടി, ലത്തീഫ് കൊളക്കാടൻ, പ്രേംനാഥ്, കെ.വി അലവി, വി.പി മുഹമ്മദ് കാസിം, മനോജ് പാറശ്ശേരി തുടങ്ങിയവർ പ്രസംഗിച്ചു. ഷൊർണ്ണൂർ ട്രാൻസ്ഗ്രിഡ് ചീഫ് എഞ്ചിനീയർ കെ. ശാന്തി റിപ്പോർട്ട് അവതരിപ്പിച്ചു. സബ് സ്റ്റേഷനുവേണ്ടി സ്ഥലം വിട്ടു നൽകിയ ഭൂവുടമകളെ ചടങ്ങിൽ വി അബ്ദുറഹിമാൻ ആദരിച്ചു.

തലക്കാട് വില്ലേജിലെ വെങ്ങാലൂരിൽ 0.852 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് പുതിയ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ നിർമ്മിക്കുന്ന പദ്ധതിയാണ് നടപ്പാക്കുന്നത്. ജില്ലയിലെ ആദ്യ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനാണ് ഇത്. സംസ്ഥാന സർക്കാരും കെഎസ്ഇബിയും നടപ്പാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 മിഷന്റെ ഭാഗമായി രണ്ടുഘട്ടങ്ങളായാണ് സബ്സ്റ്റേഷൻ നിർമിക്കുന്നത്. 220 കെവി, 110 കെവി സബ്സ്റ്റേഷനുകളാണ് നിർമിക്കുക. തിരൂർ, തവനൂർ, പൊന്നാനി, കോട്ടക്കൽ, താനൂർ മണ്ഡലങ്ങളെ ബന്ധിപ്പിച്ചാണ് പദ്ധതി. 42 കിലോമീറ്റർ 11 കെവി ലൈനുൾപ്പെടെയുള്ള 204 കോടി രൂപയാണ് ചെലവിലാണ് നിർമാണം.

220 കെ.വി സബ് സ്റ്റേഷനിൽ 400 എം.വി.എ ശേഷിയും, 110 കെ.വി സബ്സ്റ്റേഷനിൽ 40 എം.വി.എ ശേഷിയും വീതമുള്ള ട്രാൻസ്ഫോർമറുകളാണ് സ്ഥാപിക്കുന്നത്. സമീപപ്രദേശങ്ങളിലെ 33 കെ.വി ശൃംഖല വികസിപ്പിക്കാനുള്ള ശേഷിയും ഈ സബ്സ്റ്റേഷന് ഉണ്ടായിരിക്കും. കഴിഞ്ഞ വേനൽക്കാലത്ത് തിരൂർ പ്രദേശത്ത് അനുഭവപ്പെട്ട വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് ആദ്യഘട്ടമെന്ന നിലയിൽ മൂന്ന് 11 കെ.വി ഫീഡറുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു 110 കെ.വി തൽക്കാലിക സബ്സ്റ്റേഷൻ അടുത്ത വേനൽക്കാലത്തിന് മുൻപായി കമ്മിഷൻ ചെയ്ത് നിലവിലുള്ള പ്രതിസന്ധി ദ്രുതഗതിയിൽ തരണം ചെയ്യും. അടുത്ത ഘട്ടത്തിൽ 220 കെ.വി, 110 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ നിർമ്മിച്ച്, തിരൂർ, പൊന്നാനി, എടപ്പാൾ എന്നീ സബ്സ്റ്റേഷനുകളെ ബന്ധിപ്പിച്ച് വിശാലമായ ട്രാൻസ്മിഷൻ ശൃംഖല സൃഷ്ടിക്കുക വഴി ഈ പ്രദേശത്തെ വൈദ്യുതി സംബന്ധമായ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുവാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. പുതിയ സബ്സ്റ്റേഷൻ പണി തീർക്കുന്നതോടെ തിരൂർ, താനൂർ, തവനൂർ, കോട്ടയ്ക്കൽ നിയമസഭ മണ്ഡലങ്ങളിലെ ഏകദേശം അഞ്ചു ലക്ഷം ഉപഭോക്താക്കൾക്ക് പ്രയോജനം ലഭിക്കും.

# തടസ്സമില്ലാത്ത റോഡ് ശൃംഖല സർക്കാർ ലക്ഷ്യം: മന്ത്രി

**മലപ്പുറം:** സംസ്ഥാനത്ത് തടസ്സമില്ലാത്ത റോഡ് ശൃംഖല നിർമിക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് സംസ്ഥാന പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ്. താനൂർ നിയോജക മണ്ഡലത്തിലെ തെയ്യാല ദേവധാർ ബൈപാസ് റോഡിന്റെ ആദ്യ ഘട്ട പ്രവൃത്തിയുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. പട്ടണങ്ങളിൽ ബൈപ്പാസ് നിർമിക്കുന്നതിനും ജങ്ഷനുകളുടെ വികസനത്തിനും ഉയർന്ന പരിഗണനയാണ് സർക്കാർ നൽകുന്നത്. ജനസാന്ദ്രത കൂടിയ കേരളത്തിൽ റോഡുകളുടെ വികസനം വെല്ലുവിളിയാണെങ്കിലും ജനങ്ങളെ കൂടെ നിർത്തി ഈ പ്രശ്നം പരിഹരിക്കുകയാണ് സർക്കാർ ചെയ്യുന്നത്. തെയ്യാല ദേവധാർ ബൈപ്പാസ് റോഡ് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു. റോഡ് വികസനത്തിനായി ഭൂമി വിട്ടു നൽകിയവരെ ചടങ്ങിൽ മന്ത്രി അഭിനന്ദിച്ചു.

കാട്ടിലങ്ങാടി ഗവ. ഹയർസെക്കന്ററി സ്കൂളിൽ നടന്ന ചടങ്ങിൽ ന്യൂനപക്ഷ ക്ഷേമ കായിക വഖഫ്



ഹജ്ജ് വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ അധ്യക്ഷത വഹിച്ചു. താനൂർ നഗരസഭാ ചെയർമാൻ റഷീദ് മോര്യ, നഗരസഭാ പൊതുമരാമത്ത് സ്ഥിരം അധ്യക്ഷ രാധിക ശശികുമാർ, വികസന സ്ഥിരം സമിതി അധ്യക്ഷൻ സി.കെ.എം ബഷീർ, നഗരസഭാ കൗൺസിലർമാരായ ആരിഫ സലീം, സുചിത്ര സന്തോഷ്, റൂബി ഫൗസി, പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർ സി.എച്ച് അബ്ദുൽ ഗഫൂർ തുടങ്ങിയവർ പ്രസംഗിച്ചു.

താനൂർ നഗരസഭയിലെ പാലക്കുറ്റിയാഴി തോട് പാലം മുതൽ കാട്ടിലങ്ങാടി ക്ഷേത്രം വരെയുള്ള 1. 3 കി.മീറ്റർ ആണ് ആദ്യഘട്ടത്തിൽ ബി.എം.ബി.സി ചെയ്ത് നവീകരിക്കുന്നത്. ദേവധാർ റെയിൽ വേ ഓവർബ്രിഡ്ജ് മുതൽ പാലക്കുറ്റിയാഴി തോട് വരെയും, കാട്ടിലങ്ങാടി ക്ഷേത്രം മുതൽ തെയ്യാല റെയിൽവേ ഗേറ്റ് വരെയുള്ള രണ്ടാം ഘട്ട പ്രവൃത്തിക്കുള്ള സ്ഥലമേറ്റെടുപ്പിന് ഈ വർഷത്തെ ബജറ്റിൽ രണ്ടു കോടി രൂപ നീക്കി വെച്ചിട്ടുണ്ട്. ഇപ്പോൾ നിർമ്മാണം ആരംഭിക്കുന്ന ഭാഗത്തെ റോഡിന്റെ ഇരുഭാഗത്തെയും ഭൂ ഉടമകൾ എട്ടു മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കാൻ സൗജന്യമായി ഭൂമി വിട്ടു നൽകിയതിനാലാണ് പ്രവൃത്തി ആരംഭിക്കാൻ സാധിച്ചത്.

മന്ത്രി വി. അബ്ദുറഹിമാന്റെ മണ്ഡലം ആസ്തി വികസന നിധിയിൽ നിന്നും ഫണ്ട് അനുവദിച്ച് നിർമ്മിച്ച കാട്ടിലങ്ങാടി ഗവ. ഹയർസെക്കന്ററി സ്കൂളിന്റെ ചുറ്റുമതിലിന്റെയും പ്രവേശന കവാടത്തിന്റെയും സമർപ്പണവും ചടങ്ങിൽ വെച്ച് മന്ത്രി വി. അബ്ദുറഹിമാൻ നിർവഹിച്ചു.

## കാഞ്ഞിരംകുളം ഗവ. കോളേജിന് ഭൂമി ഏറ്റെടുക്കൽ പ്രവർത്തനം വേഗത്തിലാക്കും

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആവശ്യപ്രകാരം കാഞ്ഞിരംകുളം കുഞ്ഞികൃഷ്ണൻ നാടാർ ഗവ. കോളേജിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് റവന്യൂ മന്ത്രി കെ.രാജന്റെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനമായി. കോളേജിന് വേണ്ടി നാല് ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായി അക്വിസിഷൻ ഓഫീസറെ നിയോഗിക്കുകയും സാമൂഹികാഘാത പഠനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

സാമൂഹികാഘാത പഠന റിപ്പോർട്ട് ഈ മാസം തന്നെ ലഭ്യമാക്കാൻ മന്ത്രി യോഗത്തിൽ നിർദ്ദേശം നൽകി. തുടർ നടപടികളായ വിജ്ഞാപനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പരമാവധി വേഗത്തിലാക്കും യോഗത്തിൽ തീരുമാനമായി. ഡിസംബർ മാസത്തോടു കൂടി നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്നും മന്ത്രി പറഞ്ഞു.

എം വിൻസെന്റ് എം.എൽ.എ, ലാൻഡ് റവന്യൂ കമ്മീഷണർ ഡോ.എ.കൗശികൻ, ജോയിന്റ് കമ്മീഷണർ എ.ഗീത , ഡെപ്യൂട്ടി കളക്ടർ സഞ്ജയ് ജേക്കബ് ജോൺ എന്നിവരും മറ്റു റവന്യൂ ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

## ക്ഷയരോഗവിമുക്ത പഞ്ചായത്തുകൾ ഏറെയുള്ളത് ഇടുക്കി ജില്ലയിൽ

**ചെറുതോണി:** സംസ്ഥാനത്ത് ക്ഷയരോഗ വിമുക്തമായ കൂടുതൽ പഞ്ചായത്തുകൾ ഉള്ള ജില്ലയാണ് ഇടുക്കിയെന്നും ജില്ലയിലെ പൊതുജനാരോഗ്യ പ്രവർത്തകരുടെ മികവാണ് ഇതിന് കാരണമെന്നും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് . ജില്ലാ പഞ്ചായത്ത് വിട്ട് നൽകിയ 48 സെന്റ് സ്ഥലത്ത് ആരോഗ്യ കേരളം പദ്ധതി പ്രകാരം 4 കോടി രൂപ മുടക്കി നിർമ്മിക്കുന്ന ജില്ലാ ടി ബി സെന്ററിന്റ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അവർ.

ജില്ലയിലെ ആരോഗ്യ രംഗത്ത് സമഗ്രമായ മാറ്റങ്ങൾക്ക് തുടക്കമിടാൻ ഇക്കാലത്ത് കഴിഞ്ഞതായും മന്ത്രി വീണാ ജോർജ് പറഞ്ഞു.രജിസ്‌ട്രേഷൻ, വെയ്റ്റിംഗ്ഏരിയ,ഒ.പി ഐ പി വിഭാഗങ്ങൾ , ഫാർമസി,എക്സ് റേ , സിബിനാറ്റ് /ട്രൂനാറ്റ്ലാബ്, ടിബിയൂണിറ്റ് , ഡിസ്ട്രിക്റ്റ് ഡ്രഗ്സ്റ്റോർ ,ഡി റ്റി ഒ റൂം ,ഓഫീസ്റൂം,കോൺഫറൻസ് ഹാൾ തുടങ്ങിയ സൗകര്യങ്ങളാകും പുതിയ ടി ബി സെന്ററിൽ ഉണ്ടാകും.

ചെറുതോണി ടൗൺഹാളിൽ നടന്ന പരിപാടിയിൽ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ ടി ബിനു വിശിഷ്ടാതിഥിയായി. ജില്ലാ പഞ്ചായത്തംഗം കെ ജി സത്യൻ, ബ്ലോക്ക് പഞ്ചായത്തംഗം ഡിറ്റാജ് ജോസഫ് ,വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തംഗം നിമ്മി ജയൻ, ഡി എം ഒ ഡോ.എൽ മനോജ്, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എസ് ശ്രീകുമാർ , ഡെപ്യൂട്ടി ഡി എം ഒ ഡോ. ജോബിൻ ജി ജോസഫ്, ജില്ലാ ടി ബി ഓഫീസർ ഡോ. ആശിഷ് മോഹൻ കുമാർ, മറ്റ് ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## ക്ഷീരസഹകരണ സംഘത്തിൽ സോളാർ പദ്ധതി ഉദ്ഘാടനം നാളെ

**ഇടുക്കി:** സർക്കാരിന്റെ നാലാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി വാത്തിക്കുടി ബ്ലോക്കിലെ പടമുഖം ക്ഷീരസഹകരണ സംഘത്തിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പദ്ധതിയുടെ ഉദ്ഘാടനം സെപ്തംബർ 26 ഉച്ചയ്ക്ക് 2 ന് മന്ത്രി ജെ. ചിഞ്ചു റാണി നിർവ്വഹിക്കും. മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷനാകുന്ന പരിപാടിയിൽ എം. പി. ഡീൻ കുര്യാക്കോസ്, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ. ടി. ബിനു, ഇആർസിഎംപിയു ചെയർമാൻ എം. ടി. ജയൻ, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ആൻസി തോമസ്, വാത്തിക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സിന്ധു ജോസ്, ഇആർസിഎംപിയു ഡയറക്ടർമാർ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികളും ക്ഷീരസഹകരണ സംഘം പ്രതിനിധികളും ക്ഷീരകർഷകരും ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുക്കും.

സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നത് വഴി ക്ഷീരസംഘങ്ങളിലെ വൈദ്യുതി ചിലവ് കുറയ്ക്കുക , സംഘത്തിന്റെ സാമ്പത്തിക സ്ഥിരത വർദ്ധിപ്പിക്കുക എന്നിവയിലൂടെ കർഷകർക്ക് കൂടുതൽ പ്രയോജനങ്ങൾ ലഭ്യമാക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സഹകരണ സംഘം 1066010 രൂപ സംഘം ചിലവഴിച്ച പദ്ധതിയിൽ ക്ഷീരവികസന വകുപ്പ് 8 ലക്ഷം രൂപ ധനസഹായം നൽകി.

# ഇടുക്കി മെഡിക്കൽ കോളേജ്: സാധ്യമായതെല്ലാം ചെയ്യുമെന്ന് മന്ത്രി വീണാ ജോർജ്

**ഏലപ്പാറ:** അതിർത്തി ജില്ലകൾക്ക് കൂടി പ്രയോജനപ്പെടുന്ന ഇടുക്കി മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ സാധ്യമായതെല്ലാം സർക്കാർ ചെയ്യുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് . നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി കോളേജിലെ വിവിധ നിർമ്മാണ പദ്ധതികൾക്കായി അനുവദിച്ച 92 കോടി രൂപയിൽ നിന്നും നിർമ്മാണം പൂർത്തിയാക്കിയ ഹോസ്റ്റലുകൾ, സ്റ്റാഫ് ക്വാട്ടേഴ്സ് , മോഡുലാർ ലാബ്, ലക്ചർ ഹാൾ, വിവിധ ആശുപത്രി ഉപകരണങ്ങൾ എന്നിവയുടെ ഉദ്ഘാടനം മെഡിക്കൽ കോളേജിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അവർ.

പ്രതിഭാധനരായ അധ്യാപകരുടെ സാന്നിധ്യമാണ് ഇടുക്കി മെഡിക്കൽ കോളജിനെ വ്യത്യസ്തമാക്കുന്നത്. കഴിഞ്ഞ വർഷം സംസ്ഥാനത്ത് മികച്ച വിജയശതമാനം നേടിയ മെഡിക്കൽ കോളേജുകളിൽ രണ്ടാം സ്ഥാനം നേടാൻ ഇടുക്കിക്ക് കഴിഞ്ഞു. കുട്ടികളുന്നയിച്ച ചില വിഷയങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അവയ്ക്കും പ്രഥമ പരിഗണന നൽകും. സ്ഥലം എം എൽ എ എന്ന നിലയിൽ മന്ത്രി റോഷി അഗസ്റ്റിനും നല്ല പിന്തുണയാണ് നൽകുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

2023ലെ ആദ്യ വർഷ ബാച്ചിൽ ഡിസ്റ്റിങ്ഷനോടെ വിജയിച്ച അർജുൻ കോശി, ടി പി ഗ്രീഷ്മ എന്നിവരെ മന്ത്രി ആദരിച്ചു. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പരിപാടിയിൽ അധ്യക്ഷത വഹിച്ചു. ഇടുക്കി മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തിൽ വലിയ കൂട്ടായ്മ ഉണ്ടാവണമെന്ന് അദ്ദേഹം പറഞ്ഞു.

കാത്ത് ലാബ് തുടങ്ങുന്ന കാര്യത്തിൽ സർക്കാർ വലിയ പരിഗണന നൽകുന്നുണ്ടെന്നും മന്ത്രി സൂചിപ്പിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ ടി ബിനു വിശിഷ്ടാതിഥിയായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ആൻസി തോമസ്, വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ജോർജ് പോൾ, ജില്ലാ ആസൂത്രണ സമിതി ഉപാധ്യക്ഷൻ സിവി വർഗ്ഗീസ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയരക്ടർ ഡോ തോമസ് മാത്യു, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ ടോമി മാപ്പലകയിൽ,ജില്ലാ മെഡിക്കൽ ഓഫീസർ ഡോ എൽ മനോജ്, ജില്ലാ പഞ്ചായത്തംഗം കെ ജി സത്യൻ, ബ്ലോക്ക് പഞ്ചായത്തംഗം ഡിറ്റാജ് ജോസഫ്, ഗ്രാമ പഞ്ചായത്തംഗം നിമ്മി ജയൻ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ് ശ്രീകുമാർ,മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ.സുരേഷ് വർഗീസ്, ആർഎം ഒ ഡോ. ടി ഒ നവാസ്, എച്ച്ഡി എസ് ഗവ. നോമിനി ഷിജോ തടത്തിൽ, മറ്റ് ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# ഏലപ്പാറ കുടുംബാരോഗ്യകേന്ദ്രം: പുതിയ കെട്ടിട സമുച്ചയം ഉദ്ഘാടനം ചെയ്തു

**ഏലപ്പാറ:** ഏലപ്പാറ കുടുംബാരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് നിർമ്മിച്ച പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ് നിർവഹിച്ചു. രണ്ട് നിലകളിലായി 9000 ചതുരശ്ര അടി വലിപ്പത്തിലാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഏലപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിന്റെ താഴത്തെനില എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് 1 കോടി 34 ലക്ഷം രൂപയ്ക്കാണ് പൂർത്തിയാക്കിയിരിക്കുന്നത്.

4850 ചതുരശ്രഅടി വലിപ്പമുള്ള താഴത്തെ നിലയിൽ രജിസ്ട്രേഷൻ, പ്രിചെക്ക് ഏരിയ, ഒ.പി, ഫാർമസി, ഒബ്സർവേഷൻ, പ്രതിരോധ കുത്തിവയ്പ്പ്,മൈനർ, ഓപ്പറേഷൻ തീയേറ്റർ, ലാബ് എന്നീ സൗകര്യങ്ങൾ ഉണ്ടാകും.

വാഴൂർ സോമൻ എം.എൽ.എ ലഭ്യമാക്കിയ എം എൽ എ ഫണ്ടായ 99 ലക്ഷം രൂപ ഉപയോഗിച്ചാണ് കെട്ടിടത്തിന്റെ മുകളിലെ നില പൂർത്തീകരിച്ചിട്ടുള്ളത്. ഈ നിലയിൽ പൊതുജനാരോഗ്യവിഭാഗം, പാലിയേറ്റീവ്, ഫിസിയോതെറാപ്പി, ഓഫീസ്, കോൺഫറൻസ് ഹാൾ ഉൾപ്പെടുള്ള സൗകര്യങ്ങൾ ഉണ്ട്. ലഭ്യമാക്കുന്നു. കൂടാതെ ഏലപ്പാറ ഗ്രാമപഞ്ചായത്ത് 40 ലക്ഷം രൂപ ചിലവഴിച്ച് ആശുപത്രിക്കാവശ്യമായ മുഴുവൻ ഫർണിച്ചറുകളും സംരക്ഷണഭിത്തിയും ലഭ്യമാക്കിയിട്ടുണ്ട്. ഏലപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിന് കീഴിൽ പ്രവർത്തിക്കുന്ന 7 ജനകീയാരോഗ്യകേന്ദ്രങ്ങളിൽ വാഗമൺ, ബോണാമി എന്നീ ജനകീയാരോഗ്യ കേന്ദ്രങ്ങൾക്ക് 55 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട് . അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

പരിപാടിയിൽ വാഴൂർ സോമൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ടി ബിനു , ഏലപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ തോമസ് , മറ്റ് ത്രിതല പഞ്ചായത്ത് പ്രതിനിധികൾ , ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# മെഡിക്കൽ കോളേജിലെ മുഴുവൻ നിർമ്മാണ പ്രവൃത്തികളും ആറ് മാസത്തിനകം പൂർത്തിയാക്കണം: മന്ത്രി

**ഇടുക്കി:** മെഡിക്കൽ കോളേജിൽ നടന്നുവരുന്ന മുഴുവൻ നിർമ്മാണ പ്രവൃത്തികളും 2025 മാർച്ച് 9നകം പൂർത്തീകരിക്കണമെന്ന് നിർവ്വഹണ ഏജൻസിയായ കിറ്റ് കോയ്ക്ക് ആരോഗ്യ മന്ത്രി വീണ ജോർജ് നിർദ്ദേശം നൽകി. സർക്കാറിന്റെ നൂറ് ദിന കർമ്മപരിപാടികളുടെ ഭാഗമായി ഇടുക്കി മെഡിക്കൽ മെഡിക്കൽ കോളേജ് അവലോകനയോഗത്തിന് ശേഷം സംസാരിക്കുകയായിരുന്നു അവർ. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, ജില്ലാ കളക്ടർ വി വിഘ്നേശ്വരി, ആശുപത്രി വികസന സമിതി അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു യോഗം ചേർന്നത്. ഇടുക്കി മെഡിക്കൽ കോളേജിന് മാത്രമായി കാർഡിയാക് വിഭാഗം ഉൾപ്പെടെ 51 ഡോക്ടർ തസ്തികളാണ് അനുവദിച്ചിട്ടുള്ളത്. ലക്ചർ ഹാൾ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ഹോസ്റ്റലുകൾ, സ്റ്റാഫ് ക്വാട്ടേഴ്സ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. ഇനിയും പ്രവൃത്തികൾ തീർക്കാനുള്ളവ സമയബന്ധിതമായി പൂർത്തീകരിക്കണം.പുതുതായി അനുവദിക്കപ്പെട്ട അമ്പത് ഏക്കർ സ്ഥലം ഉപയോഗപ്പെടുത്തുന്നതിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കും. സാധ്യമായ എല്ലാ പരിഗണനയും ഇടുക്കി മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ സർക്കാറിനുണ്ട്. കാത്ത് ലാബ് സ്ഥാപിക്കുന്നതിന് പ്രഥമ പരിഗണനയാണ് നൽകുന്നതെന്നും മന്ത്രി വീണ ജോർജ് അറിയിച്ചു.



പാറേമാവ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ഡി എം ഇ ഡോ. തോമസ് മാത്യു, ഡി എം ഒ ഡോ. എൽ മനോജ്, മെഡിക്കൽ കോളേജ് പ്രൻസിപ്പൽ ഡോ. ടോമി മാപ്പലകയിൽ, ആശുപത്രി സൂപ്രണ്ട് ഡോ. സുരേഷ് വർഗീസ്, കിറ്റ് കോ പ്രതിനിധികൾ, പങ്കെടുത്തു.

# വിധവകൾക്കായി സഹായഹസ്തം പദ്ധതി

**തിരുവനന്തപുരം:** സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 55 വയസിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാന മാർഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ സഹായമായി 30,000 രൂപ അനുവദിക്കുന്ന വനിത ശിശു വികസന വകുപ്പിന്റെ സഹായഹസ്തം പദ്ധതിയിൽ ഒക്ടോബർ 31 വരെ അപേക്ഷിക്കാം. www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

സംരംഭം ഒറ്റയ്ക്കോ ഗ്രൂപ്പായോ ആരംഭിക്കാം. ഗുണഭോക്താവിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം. 18 വയസിൽ താഴെയുള്ള കുട്ടികൾ ഉള്ള വിധവകൾ, ഭിന്നശേഷിക്കാരായ മക്കളുള്ളവർ, പെൺകുട്ടികൾ മാത്രം ഉള്ളവർ എന്നിവർക്ക് മുൻഗണനയുണ്ടായിരിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനം വഴിയോ മറ്റ് സർക്കാർ തലത്തിലോ സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിച്ചിട്ടുള്ള വിധവകൾ, സഹായഹസ്തം പദ്ധതി പ്രകാരം മുൻവർഷം ആനുകല്യം ലഭിച്ചവർ എന്നിവർ അപേക്ഷിക്കാൻ പാടില്ല.

തൊഴിൽ സംരംഭം ചുരുങ്ങിയത് അഞ്ച് വർഷമെങ്കിലും നടത്തണം. ഏതെങ്കിലും കാരണവശാൽ പദ്ധതി അഞ്ച് വർഷത്തിനു മുൻപ് നിർത്തുകയാണെങ്കിലോ അപേക്ഷയിലെ വിവരങ്ങളിൽ എന്തെങ്കിലും അപാകത കണ്ടെത്തുകയോ ചെയ്താൽ ധനസഹായം ഉപയോഗിച്ച് വാങ്ങിയ ആസ്തികൾ വകുപ്പ് കണ്ടുകെട്ടി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് ജില്ലാ വനിത ശിശു വികസന ഓഫീസർ അറിയിച്ചു.

# വനംവന്യജീവി വകുപ്പിനെ കൂടുതൽ ജനസൗഹൃദമാക്കിയെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ

**മലപ്പുറം:** മനുഷ്യന്റെ പ്രശ്നം കൂടി മനസ്സിലാക്കി വനംവന്യജീവി വകുപ്പിനെ കൂടുതൽ മനുഷ്യസൗഹൃദമാക്കാൻ സർക്കാറിന് കഴിഞ്ഞുവെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ പറഞ്ഞു. നിലമ്പൂർ നോർത്ത്, സൗത്ത് ഡിവിഷനുകളുടെ പരിധിയിൽ നബാർഡ് ധനസഹായത്തോടെ 15.68 കോടി രൂപചെലവിൽ പണി പൂർത്തീകരിച്ച വിവിധ ഓഫീസുകളുടെയും പദ്ധതികളുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. വകുപ്പ് നടപ്പാക്കിയ വനസൗഹൃദ അദാലത്തുകൾ വഴി വനം വകുപ്പ് ജീവനക്കാരും ജനങ്ങളും തമ്മിൽ സൗഹൃദം വളർത്തിയെടുക്കാൻ കഴിഞ്ഞതായി മന്ത്രി പറഞ്ഞു. വനമേഖലയോട് ചേർന്നുള്ള 241 പഞ്ചായത്തുകളിലായി നടത്തിയ അദാലത്തുകളിൽ ജനങ്ങൾക്ക് പറയാനുള്ളത് സർക്കാർ സഹിഷ്ണുതയോടെ കേട്ടു. ഇതാണ് വനം വകുപ്പുദ്യോഗസ്ഥരും ജനങ്ങളും തമ്മിൽ സൗഹാർദാന്തരീക്ഷം വളർത്തിയെടുക്കാൻ സഹായിച്ചതെന്നും മന്ത്രി വിശദീകരിച്ചു.

റാപ്പിഡ് റെസ്പോൺസ് ടീം കെട്ടിടം, നിലമ്പൂർ ഫ്ളൈയിംഗ് സ്കോഡ് കെട്ടിടം, വെറ്ററിനറി കോംപ്ലക്സ്, നെടുങ്കയം ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലക്സ്, നെടുങ്കയം മാഞ്ചീരി റോഡ്, കരുളായി റേഞ്ച് ഓഫീസ് കെട്ടിടം, സൗരോർജ തൂക്കുവേലി, വള്ളുവശ്ശേരി സ്റ്റാഫ് ബാരക്ക് എന്നിവയുടെ ഉദ്ഘാടനവും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം ഊർജിതമാക്കുന്നതിന് ലഭ്യമായ പുതിയ ബൈക്കുകളുടെ വിതരണവുമാണ് മന്ത്രി നിർവഹിച്ചത്.

ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇസ്മായിൽ മൂത്തേടം, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡോ.പി പുകഴേന്തി, പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ. വിജയാനന്ദൻ, കോഴിക്കോട് സാമൂഹ്യവനവത്കരണ വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ ആർ.കീർത്തി, നിലമ്പൂർ നഗരസഭ ചെയർമാൻ, വൈസ് ചെയർപെഴ്സൺ അരുമ ജയകൃഷ്ണൻ, നിലമ്പൂർ നോർത്ത് ഡി.എഫ്.ഒ പി.കാർത്തിക് തുടങ്ങിയവർ പങ്കെടുത്തു.

# വിദേശ എണ്ണകൾക്ക് വില കുതിക്കുന്നു; ഓർഡറുകൾ റദ്ദാക്കി ഇന്ത്യ; നാളികേരത്തിന് നേട്ടം

നാളികേരോൽപ്പന്നങ്ങൾ നാലു വർഷത്തിനിടയിലെ ഏറ്റവും ശക്തമായ കുതിച്ചുചാട്ടത്തിന്റെ പാതയിൽ. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നാളികേര ഉൽപാദനത്തിലെ ഇടിവും രാജ്യം ഭക്ഷ്യയെണ്ണ ഇറക്കുമതി ഡ്യൂട്ടി കുത്തനെ ഉയർത്തിയതും എണ്ണ വിപണികളിലെ ചൂട് ഇരട്ടിപ്പിച്ചു. ഒരു വർഷ കാലയളവിൽ അന്തരീക്ഷ താപനില പതിവിലും ഉയർന്നത് നാളികേര തോട്ടങ്ങളിൽ മച്ചിങ്ങ പൊഴിച്ചിൽ വ്യാപകമാക്കി. കേരളത്തിൽ മാത്രമല്ല അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക, ആന്ധ്ര എന്നിവിടങ്ങളിലെയും വിളവ് ഗണ്യമായി കുറഞ്ഞു.

ചിങ്ങത്തിലെ ഓണ ഡിമാൻഡിനിടയിൽ ഉൽപാദനക്കുറവിന്റെ കാര്യമായ സൂചനകൾ വിപണിയിൽ അലയടിച്ചില്ല. എന്നാൽ നവരാത്രി ആവശ്യങ്ങൾക്കായി രാജ്യത്തെ ഒട്ടുമിക്ക വിപണികളിൽനിന്നും കൊപ്രയ്ക്കും ഉണ്ടക്കൊപ്രയ്ക്കും ആവശ്യക്കാർ എത്തിയതോടെ ഡിമാൻഡിന് അനുസൃതമായി ചരക്ക് കൈമാറാൻ വിപണിയും കാർഷിക മേഖലയും ക്ലേശിച്ചു.

സീസണിൽ കേന്ദ്ര സംസ്ഥാന ഏജൻസികൾ ഒത്തുപിടിച്ചിട്ടു പോലും താങ്ങുവിലയിലേക്ക് ഉയർത്താൻ കഴിയാത്ത കൊപ്രയാണ് ചുരുങ്ങിയ ദിവസങ്ങളിൽ എല്ലാ സീമകളും തകർത്ത് പുതിയ ഉയരങ്ങളിലേക്ക് ഓടിക്കയറുന്നത്. നിത്യേനെ 300 രൂപ വീതം കൊപ്ര വില ഉയരുന്നതിൽനിന്നു തന്നെ വ്യക്തമാണ് ദക്ഷിണേന്ത്യൻ ഉൽപാദകമേഖലകളിൽ ചരക്കിന് അനുഭവപ്പെടുന്ന രൂക്ഷമായ ക്ഷാമം. 2020 ന് ശേഷം നാളികേരോൽപ്പന്ന വിപണിയിൽ ഇത്തരത്തിൽ ഒരു വിലക്കയറ്റം ഒരിക്കൽ പോലും സംഭവിച്ചിട്ടില്ലാത്തതിനാൽ സ്ഥിതിഗതികൾ നിയന്ത്രണങ്ങൾക്കും അപ്പുറത്തേക്കു നീങ്ങാം.

ഉത്തരേന്ത്യയിൽ വെളിച്ചെണ്ണയ്ക്കല്ല, കൊപ്രയ്ക്കാണ് ശക്തമായ ഡിമാൻഡ്. ദക്ഷിണേന്ത്യയിലെ പ്രമുഖ വിപണിയായ കാങ്കയത്ത് തിങ്കളാഴ്ച്ച ഒറ്റ ദിവസം ക്വിന്റലിന് 750 രൂപ ഉയർന്ന് 13,000ലേക്ക് കൊപ്ര വല തുകാൽ വച്ചു. ഇത് ഒരു വമ്പൻ കുതിപ്പിന്റെ ആദ്യചുവടുവയ്പ്പായി അനുമാനിക്കാം. കൊച്ചി വിപണിവിലയേക്കാൾ 800 രൂപ കൂടുതലാണ് അയൽസംസ്ഥാനത്ത് ഇന്നലെ രേഖപ്പെടുത്തിയത്. എല്ലാ കാലഘട്ടത്തിലും കേരളത്തിലെ വിലയിലും ഏകദേശം 700 രൂപ താഴ്ന്ന് ഇടപാ



ടുകൾ നടക്കുന്ന തമിഴ്നാട്ടിൽ കൊപ്ര മുഴക്കിയ ആദ്യ വെടിയുടെ പ്രകമ്പനം വിലയിരുത്തിയാൽ വെളിച്ചെണ്ണ 20,000നു മുകളിലേക്കു സഞ്ചരിക്കുന്ന ദിനങ്ങൾ വിദൂരമല്ല.

വടക്കേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും ഉണ്ടക്കൊപ്രയ്ക്കും രാജാപുർ കൊപ്രയ്ക്കും വൻ ഓർഡറുകൾ പ്രവഹിക്കുന്നുണ്ട്. നവരാത്രി വേളയിലെ ആവശ്യത്തിനുള്ള ചരക്കു സംഭരണം അവിടെ പുരോഗമിക്കുന്നു. ഓഗസ്റ്റ് ആദ്യം 10,200 രൂപയിൽ വ്യാപാരം നടന്ന ഉണ്ടക്കൊപ്ര വില ഇതിനകം 19,000ലേക്ക് ഉയർന്നപ്പോൾ രാജാപുർ കൊപ്ര വില 10,200ൽനിന്നും 24,000 രൂപയായി. ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ ഉത്സവാഘോഷങ്ങളിലേക്കു തിരിയുന്ന സന്ദർഭങ്ങളിൽ വിലക്കയറ്റം സ്വാഭാവികമെങ്കിലും ഇത്ര ശക്തമായ മുന്നേറ്റം ആദ്യമാണ്. മഹാനവമി അടുക്കുന്നതോടെ ഉണ്ട കൊപ്രയ്ക്ക് വിപണിയിൽ പ്രിയമേറും. ഉണ്ടക്കൊപ്രയ്ക്ക് കേന്ദ്രം പ്രഖ്യപിച്ച താങ്ങ് വിലയായ 12,000 രൂപയിലും ക്വിന്റലിന് ഏകദേശം 7000 രൂപ ഇതിനകം ഉയർന്നു. മില്ലിങ് കൊപ്രയുടെ താങ്ങ് വില 11,160 രൂപയാണ്.

സീസൺ കാലയളവിൽ സംസ്ഥാന കൃഷി വകുപ്പ് വിവിധ ഏജൻസികൾ വഴി പച്ചത്തേങ്ങ സംഭരണത്തിന് ഇറങ്ങിയെങ്കിലും അന്ന് വിപണിയിലും കാർഷിക മേഖലയിലും യാതൊരു ചലനവും സൃഷ്ടിക്കാൻ അവർക്കായില്ല.

തൊട്ട് മുൻ വർഷം സംഭരണ ഏജൻസിക്കു ചരക്ക് കൈമാറിയ പല കർഷകർക്കും നാളികേരത്തിന്റെ വില ലഭിച്ചിട്ടില്ലെന്ന ആക്ഷേപങ്ങൾക്കിടയിൽ സബ്സിഡി തുക പോലും ലഭിക്കാത്ത ഒട്ടനവധി കർഷകരുമുണ്ട്. സർക്കാർ ഏജൻസിയുടെ തുണുപ്പൻ മനോഭാവം മൂലം ചെറുകിട കർഷകർ സീസൺ കാലയളവിൽ കിട്ടുന്ന വിലയ്ക്ക് സ്വകാര്യ മാർക്കറ്റിൽ ചരക്ക് ഇറക്കാൻ നിർബന്ധിതരായി. വില കുറവാണെങ്കിലും ഉടൻ പണം കൈപ്പറ്റാമെന്നത് അന്ന് കർഷകർക്ക് വലിയ ഒരു ആശ്വാസം തന്നെയായിരുന്നു. സംഭരണ വില കിലോ 34 രൂപയായിരുന്നെങ്കിൽ സ്വകാര്യ വിപണിയിൽ അന്ന് 29 രൂപയ്ക്കാണ് ഉൽപാദകർ തേങ്ങ വിറ്റുമാറിയത്.

## ഒറ്റവർഷംകൊണ്ട് 327 ടൺ വർധന

# കുതിക്കുന്ന മത്സ്യക്കൃഷി

ഉൾനാടൻ മത്സ്യസമ്പത്ത് ഭീഷണി നേരിടുമ്പോൾത്തന്നെ മറുഭാഗത്ത് മത്സ്യക്കൃഷിയിലൂടെ മീൻ സമ്പത്ത് വർധിക്കുന്നുമുണ്ട്. ജില്ലയിൽ 202122 വർഷം അയ്യായിരത്തോളം മത്സ്യക്കർഷകരാണുണ്ടായിരുന്നത്. ഇപ്പോൾ 7708 പേരുണ്ട്. രണ്ടുവർഷം കൊണ്ടുമാത്രമാണ് ഇത്രയും വർധന.

മത്സ്യകേരളം, സുഭിക്ഷകേരളം, ജനകീയ മത്സ്യക്കൃഷി തുടങ്ങി മത്സ്യബന്ധനവകുപ്പിന് കീഴിലുള്ള പദ്ധതികളും പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന (പി.എം.എ.എസ്.വൈ.) പദ്ധതിയുമെല്ലാം ഇതിന് കരുത്തേകി. തിലാപ്പിയയാണ് ജില്ലയിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന മീൻ. 1.50 ലക്ഷം കിലോ തിലാപ്പിയ 202324 വർഷം ഉത്പാദിപ്പിച്ചു. 202223 വർഷം 671 ടൺ മത്സ്യം ഉത്പാദിപ്പിച്ചപ്പോൾ 202324ൽ ഇത് 998 ടണ്ണായി ഉയർന്നു. ഒറ്റവർഷം കൊണ്ട് 327 ടൺ വർധന.

വംശനാശം നേരിടുന്ന വരാൽ, വളർത്തുമത്സ്യമായി തിരിച്ചുവരുന്നതും കാണാം. ജനകീയമത്സ്യക്കൃഷിയുടെ ഭാഗമായി കഴിഞ്ഞ വർഷം ജില്ലയിലെ 69 കർഷകർക്ക് 75,000 വരാൽക്കുഞ്ഞുങ്ങളെയാണ് വിതരണംചെയ്തത്. പടുതാക്കുളങ്ങളിലെ മത്സ്യക്കൃഷി ഘടകപദ്ധതിയുടെ ഭാഗമായി വിവിധ പഞ്ചായത്തുകളിലെ 220 കർഷകർക്ക് 1,28,260 വരാൽക്കുഞ്ഞുങ്ങളെയും നൽകി. വളർത്തുവരാലിന് ആവശ്യക്കാരുണ്ടെങ്കിലും ചെലവിനനുസരിച്ച് വില കിട്ടാത്തത് തിരിച്ചടിയാകുന്നുണ്ട്. മത്സ്യക്കർഷകർ നേരിടുന്ന മറ്റൊരു പ്രശ്നം വിപണനമാണ്. കുറേപ്പേർ ഒന്നിച്ച് മത്സ്യക്കൃഷിയിലേക്ക് വന്നതോടെ വിപണി കിട്ടാതായി. കടൽമീൻമാത്രം കഴിച്ച് പരിചയമുള്ളവർ വളർത്തുമത്സ്യത്തെ അത്രകണ്ട് സ്വീകരിക്കാത്തതും പ്രശ്നമാണ്.



പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർധിപ്പിക്കാൻ ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന മത്സ്യക്കുഞ്ഞ് നിക്ഷേപപദ്ധതിപ്രകാരം കുറ്റ്യാടിപ്പുഴയിൽ 2022 മുതൽ അഞ്ചുലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചത്. തുടർച്ചയായി മൂന്നുവർഷം ഒരേസ്ഥലത്താണ് മീൻകുഞ്ഞുങ്ങളെ നിക്ഷേപിക്കുക. ഇത് പുഴയിലെ മത്സ്യസമ്പത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുമെന്നാണ് പ്രതീക്ഷ. ഫലം കണ്ടുവരാൻ കുറച്ചുകൂടി സമയമെടുക്കും. എങ്കിലും കുറ്റ്യാടിപ്പുഴയിൽ കരിമീൻ, പൂമീൻ എന്നിവയുടെ ലഭ്യത വർധിച്ചിട്ടുണ്ടെന്നാണ് ഫിഷറീസ് വകുപ്പ് വിലയിരുത്തൽ. കാരച്ചെമ്മീൻ, കരിമീൻ, പൂമീൻ എന്നിവയ്ക്ക് പുറമെ കട്ല, രോഹു, മൃഗാൾ, ആറ്റുകൊഞ്ച് എന്നിവയെയും നിക്ഷേപിച്ചിട്ടുണ്ട്. ഈ പദ്ധതി നേരിടുന്ന പ്രധാനപ്രശ്നം കുഞ്ഞുങ്ങളെ നിക്ഷേപിച്ചതിനു പിന്നാലെയുള്ള മീൻപിടിത്തമാണ്. ഈ സമയത്ത് ഫിഷറീസ് വകുപ്പ് മീൻപിടിത്തം നിരോധിക്കുമെങ്കിലും ഇത് മറികടന്ന് ചിലർ വല വീശും. ഫലമോ, വലക്കണ്ണികളിൽ കുടുങ്ങി മീൻകുഞ്ഞുങ്ങൾ നശിക്കും.

## ലോക വിപണി ലക്ഷ്യമാക്കി കൃഷിവകുപ്പിന്റെ പുതിയ 2 ബ്രാൻഡുകൾ:

## കേരളഗ്രോ ഓർഗാനിക്, കേരളഗ്രോ ഗ്രീൻ




മൂല്യ വർദ്ധനവിലൂടെ കർഷകരുടെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികളിൽ കൃഷി വകുപ്പിന്റെ പുതിയ കാൽവയ്പ്പാണ് കേരളഗ്രോ ഓർഗാനിക്, കേരളഗ്രോ ഗ്രീൻ എന്നീ ബ്രാന്റുകൾ . ദേശീയ/അന്തർദേശീയ വിപണികളെ ലക്ഷ്യമാക്കി പൂർണമായും ജൈവ രീതിയിലും ഉത്തമ കൃഷി രീതികൾ അവലംബിച്ചും കൃഷി ചെയ്ത ഉത്പന്നങ്ങളുടെ ലോഞ്ചിങ് കർമ്മം സെക്രട്ടേറിയറ്റ് അനക്സ് കക ലയം ഹാളിൽ നിർവഹിച്ചു. കൊല്ലം ഭാഗ്യശ്രീ ഓർഗാനിക് ഫാം, പാലക്കാട് അട്ടപ്പാടിയിലെ അറ്റ്ഫാം കർഷക ഉത്പാദക കമ്പനി, തൃശ്ശൂർ അതിരപ്പള്ളി ട്രൈബൽ വില്ലേജ് കർഷക ഉത്പാദക കമ്പനി എന്നിവിടങ്ങളിൽ നിന്നുള്ള 26 ഉൽപ്പന്നങ്ങളാണ് കേരളഗ്രോ ഓർഗാനിക്, കേരളഗ്രോ ഗ്രീൻ എന്നീ ബ്രാൻഡുകളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി വിപണിയിൽ എത്തിയത്. കേരളത്തിൽ എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് കേരളഗ്രോ ബ്രാൻഡ് ഷോപ്പുകൾ മുഖേനയാവും ഈ ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുക.



ജനസേവ ശിശുഭവന്റെ നേതൃത്വത്തിൽ ആലുവയിൽ സംഘടിപ്പിച്ച കവിയൂർ പൊന്നമ്മ അനുസ്മരണ സമ്മേളനം പത്മശ്രീ ഡോ. ടോണി ഫെർണാണ്ടസ് ഉദ്ഘാടനം ചെയ്യുന്നു

## ജനസേവ ശിശുഭവന്റെ നേതൃത്വത്തിൽ ആലുവയിൽ കവിയൂർ പൊന്നമ്മ അനുസ്മരണം സംഘടിപ്പിച്ചു

**ആലുവ:** ജനസേവ ശിശുഭവന്റെ രക്ഷാധികാരിയും മലയാളത്തനിമയുടെ പൊന്നമ്മയുമായ അന്തരിച്ച സിനിമാതാരം കവിയൂർ പൊന്നമ്മയെ ആലുവയിലെ സാംസ്കാരിക സമൂഹം ജനസേവ ശിശുഭവന്റെ നേതൃത്വത്തിൽ അനുസ്മരിച്ചു. ആലുവ മഹനാമി ഹോട്ടൽ ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം പത്മശ്രീ ഡോ. ടോണി ഫെർണാണ്ടസ് ഉദ്ഘാടനം ചെയ്തു. ജനസേവ ശിശുഭവൻ പ്രസിഡന്റ് അഡ്വ. ചാർളി പോൾ അധ്യക്ഷത വഹിച്ചു. ചെയർമാൻ ജോസ് മാവേലി പൊന്നമ്മ അനുസ്മരണ പ്രസംഗം നടത്തി. ആലുവയിലെ പ്രമുഖ കലാ സാംസ്കാരിക സാമൂഹ്യ പ്രവർത്തകരോടും പൊന്നമ്മയുടെ സ്നേഹ വാത്സല്യങ്ങൾ ഏറ്റുവാങ്ങിയ ജനസേവ മക്കളോടുമൊപ്പം കവിയൂർ പൊന്നമ്മയുടെ സഹോദര പത്നി ജയ മനോജ്, കൊച്ചുമകൾ ഭാവന മനോജ് എന്നിവരും അനുസ്മരണ ചടങ്ങിൽ സംബന്ധിച്ചു. സാമൂഹ്യപ്രവർത്തകരായ ചിന്നൻ ടി. പൈനാടത്ത്, ഹംസ കോയ, ജോബി തോമസ്, അഡ്വ ടി. ഇ. ഇസ്മയിൽ, ജാവൻ ചാക്കോ, സാബു പരിയാരത്ത് തുടങ്ങിയവർ അനുശോചന സന്ദേശം നല്കി.

## 12 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

**തിരുവനന്തപുരം:** സംസ്ഥാനത്തെ 12 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 11 ആശുപത്രികൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എ .ക്യു.എ.എസ്) അംഗീകാരവും ഒരു ആശുപത്രിയ്ക്ക് ദേശീയ ഗുണനിലവാര അംഗീകാരമായ ലക്ഷ്യ സർട്ടിഫിക്കേഷനുമാണ് ലഭിച്ചത്. ഇതോടെ ആകെ 187 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്. സർട്ടിഫിക്കേഷനും 12 ആരോഗ്യ സ്ഥാപനങ്ങൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷനും ലഭിച്ചതായി മന്ത്രി പറഞ്ഞു.

കോട്ടയം സി.എച്ച്.സി. കൂടല്ലൂർ 89.67% സ്കോറും, എറണാകുളം സി.എച്ച്.സി. രാമമംഗലം 93.09% സ്കോറും, തിരുവനന്തപുരം പി.എച്ച്.സി. ആനാട് 93.57% സ്കോറും, ഇടുക്കി പി.എച്ച്.സി. കുമളി 92.41% സ്കോറും, കെ.പി. കോളനി 92.51% സ്കോറും, പി.എച്ച്.സി. പെരുവന്താനം 93.37% സ്കോറും, പാലക്കാട് പി.എച്ച്.സി. അടക്കാപുത്തൂർ 93.57% സ്കോറും, മലപ്പുറം പി.എച്ച്.സി. വാഴക്കാട് 95.83% സ്കോറും, കണ്ണൂർ പി.എച്ച്.സി മൊറാഴ 94.97% സ്കോറും, കാസർഗോഡ് പി.എച്ച്.സി കുമ്പഡാജെ 94.37% സ്കോറും നേടി എൻ.ക്യു.എ.എസ്. അംഗീകാരവും കണ്ണൂർ പി.എച്ച്.സി കതിരൂർ 93.52% സ്കോർ നേടി പുന:അംഗീകാരവും കരസ്ഥമാക്കി.

ഇതോടെ സംസ്ഥാനത്തെ 187 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 82 ആശുപത്രികൾ പുന:അംഗീകാരവും നേടിയെടുത്തു. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 126 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ് അംഗീകാരം നേടിയിട്ടുള്ളത്.

8 വിഭാഗങ്ങളായി 6,500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ഒരു ആശുപത്രിയെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നത്. എൻ.ക്യു.എ.എസ്. അംഗീകാരത്തിന് 3 വർഷ കാലാവധിയാണുള്ളത്. 3 വർഷത്തിന് ശേഷം ദേശീയതല സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന പി.എച്ച്.സി.കൾക്ക് 2 ലക്ഷം രൂപ വീതവും മറ്റ് ആശുപത്രികള്ക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും.

തിരുവനന്തപുരം പാറശ്ശാല ഗവ. താലൂക്ക് ആസ്ഥാന ആശുപത്രിയ്ക്ക് ദേശീയ ഗുണനിലവാര അംഗീകാരമായ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചു. ലേബർ റൂം 95.92% സ്കോറും മറ്റേർണിറ്റി ഒ.ടി 95.92% സ്കോറും നേടിയാണ് ഈ അംഗീകാരം നേടിയത്.

മാതൃശിശു മരണ നിരക്ക് കുറയ്ക്കുക അതോടൊപ്പം തന്നെ ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ലക്ഷ്യ പദ്ധതി ആവിഷ്കരിച്ചത്.

# വല്ലാർപാടം ബസിലിക്കയിൽ അഞ്ഞൂറാമത് ചരിത്ര തിരുനാൾ സമാപിച്ചു

**കൊച്ചി.** ആശ്രിത വത്സലയായ വല്ലാർപാടത്തമ്മയുടെ പുണ്യ ദേവാലയത്തിന്റേയും പരിശുദ്ധ അമ്മയുടെ തിരുച്ചിത്ര സ്ഥാപനത്തിന്റേയും അഞ്ഞൂറ് വർഷങ്ങൾ പിന്നിടുന്ന മഹനീയചരിത്ര പ്രാധാന്യമുള്ള ഈ വർഷത്തെ തിരുനാളിന് ഭക്തിസാന്ദ്രമായ സമാപനം. ഇന്നലെ രാവിലെ 10 ന് ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത സഹായ മെത്രാൻ റവ.ഡോ. ആന്റണി വാലുങ്കൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ഫാ.ജോംസൺ തോട്ടുങ്കൽ വചനപ്രഘോഷണം നടത്തി. ദിവ്യബലിക്ക് മുന്നോടിയായി ചേന്ദമംഗലം കുടുംബാംഗങ്ങൾക്കും, പള്ളിവീട്ടിൽ മീനാക്ഷിയമ്മയുടെ പിൻ തലമുറക്കാർക്കും സ്വീകരണം നല്കി. പള്ളി വീട്ടിൽ കുടുംബാംഗങ്ങൾ പരമ്പരാഗതമായി ചെയ്തു പോരുന്ന മോരു വിതരണത്തിന്റെ ആശീർവ്വാദകർമ്മവും അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. ദിവ്യബലിക്ക് മുന്നോടിയായി പാലിയത്ത് വേണുഗോപാലനച്ചൻ, പാലിയത്ത് കൃഷ്ണചന്ദ്രൻ എന്നിവർ ചേർന്ന് അൾത്താരയിലെ കെടാവിളക്കിൽ എണ്ണ പകർന്നു.വിവിധ ഭാഷകളിൽ ദിവ്യബലികളുമുണ്ടായിരുന്നു.



വല്ലാർപാടം ബസിലിക്കയിലെ തിരുനാളാഘോഷങ്ങളിൽ സംബന്ധിക്കുവാനെത്തിയ വരാപ്പുഴ അതിരൂപത സഹായമെത്രാൻ റവ.ഡോ. ആന്റണി വാലുങ്കൽ, പാലിയത്ത് വേണുഗോപാലനച്ചൻ, പള്ളി വീട്ടിൽ അജിത് കുമാർ എന്നിവരേയും കുടുംബാംഗങ്ങളേയും റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്തിന്റെ നേതൃത്വത്തിൽ സ്വീകരിച്ചാനയിക്കുന്നു.

1524 ൽ പോർച്ചുഗീസ് മിഷനറിമാരാൽ പരിശുദ്ധാത്മാവിന്റെ നാമധേയത്തിലുള്ള പഴയ പള്ളിയിൽ പരിശുദ്ധ കന്യകാമാതാവിന്റെ തിരുച്ചിത്രം സ്ഥാപിച്ചതിന്റെ മഹാജൂബിലി ആഘോഷങ്ങൾ കഴിഞ്ഞ മൂന്ന് വർഷങ്ങളായി ആചരിച്ചു വരികയാണ്.

സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 1 വരേ മൂന്ന് നാൾ നീണ്ടു നില്ക്കുന്ന മഹാ ജൂബിലി തിരുനാളും ഈ വർഷം പ്രത്യേകമായി എട്ടാമിടത്തോടൊപ്പം ആഘോഷിക്കുന്നുണ്ട്.ജോസഫ് ജോസഫ് വാക്കയിൽ, വീണ ബെർനാർഡ് കോനംകോടത്ത് എന്നിവരായിരുന്നു ഈ വർഷത്തെ പ്രസുദേന്തിമാർ.ബസിലിക്ക റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്ത്, സഹവികാരിമാരായ ഫാ. ആന്റണി ഷൈൻ കാട്ടുപ്പറമ്പിൽ, ഫാ. സാവിയോ ആന്റണി തെക്കേപ്പാടത്ത്, ഫാ.ഷിബു ചാത്തനാട് എന്നിവർ തിരുനാളാഘോഷങ്ങൾക്ക് നേതൃത്വം നല്കി.

# മുല്ലപ്പെരിയാർ വിഷയം പഠിക്കാൻ അന്താരാഷ്ട്ര സമിതിയെ ചുമതലപ്പെടുത്തണം: കർദിനാൾ ആലഞ്ചേരി

**കൊച്ചി:** മുല്ലപെരിയാർ വിഷയം ഒരു അന്താരാഷ്ട്ര സമിതി പഠിക്കണമെന്നും ഇതിനായി കേന്ദ്ര സർക്കാരിന്റെ അടിയന്തിര ഇടപെടൽ ഉണ്ടാകണമെന്നും കർദിനാൾ മാർ ജോർജ് ആലഞ്ചേരി. യു എൻ അടക്കമുള്ള വേദികളിൽ വിഷയം അവതരിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മുല്ലപ്പെരിയാർ അണക്കെട്ട് ഡീക്കമ്മീഷൻ ചെയ്യണമെന്നും 40 ലക്ഷത്തിലധികം ജീവനുകൾ സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ട് മുല്ലപ്പെരിയാർ ജനസംരക്ഷണസമിതി സംഘടിപ്പിച്ച കൂട്ട ഉപവാസ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശാസ്ത്രീയമായി വലിയ അവഗണനയാണ് ഒരു ജനസമൂഹത്തോടു കാണിക്കുന്നത്. കേന്ദ്ര സർക്കാരും കേരള, തമിഴ്നാട് സർക്കാരുകളും ജനവികാരം അവഗണിക്കുകയാണ്. മുല്ലപെരിയാർ വിഷയം രാഷ്ട്രീയവാത്കരിക്കപ്പെട്ടോ എന്ന സംശയമുണ്ടെന്നും കർദിനാൾ ആലഞ്ചേരി പറഞ്ഞു. മുല്ലപ്പെരിയാറിനു താഴെ ചെറിയ അണക്കെട്ട് പണിഞ്ഞ് അധികജലം ശേഖരിക്കാൻ തമിഴ്നാട് തയാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഒരു ജനതയെ മുഴുവൻ മുൾമുനയിൽ നിർത്തുന്നത് മനുഷ്യ സ്നേഹത്തിനു നിരക്കാത്തതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.



മുല്ലപ്പെരിയാർ ജന സംരക്ഷണസമിതി സംഘടിപ്പിച്ച കൂട്ട ഉപവാസ സമരം കർദിനാൾ മാർ ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. ഷിബു കെ തമ്പി, കോർ എപ്പിസ്കോപ്പ ഫാ.സ്ലീബാ പോൾ വട്ടവേലിൽ, അഡ്വ. റോയ് വാരിക്കാട്ട്, ഫാ.ഏലിയാസ് ചെറുകാട്ട്, സ്വാമി അയ്യപ്പദാസ് തടുങ്ങിയവർ സമീപം.

മുല്ലപ്പെരിയാർ വിഷയത്തിൽ കോടതിയിൽ രേഖകൾ സമർപ്പിക്കുന്നതടക്കം തമിഴ്നാട് കൃത്യമായി ഇടപെടുമ്പോൾ കേരളം ഉദാസീനഭാവം തുടരുകയാണെന്ന് മുഖ്യ പ്രഭാഷണം നടത്തിയ അബ്ദുൾ ഖരിം സഖാഫി ഇടുക്കി കുറ്റപ്പെടുത്തി. ജനസുരക്ഷയല്ല ലക്ഷ്യമെന്ന് തോന്നിക്കുന്ന നിലപാടാണ് സർക്കാരുകളും വിദഗ്ധ സമിതിയും പിന്തുടരുന്നത്. കോടതിയെ പോലും കാര്യങ്ങൾ ബോധ്യപ്പെടുത്താൻ കേരളത്തിന് കഴിയുന്നില്ല. മുല്ലപ്പെരിയാറിനു സമീപം താമസിക്കുന്ന കുട്ടികളുടെ മനസികാവസ്ഥ കണക്കിലെടുക്കണം. പഠിക്കാൻ പോലും കഴിയാത്ത അവസ്ഥയിലാണ് അവരെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിന്റെ താത്പര്യത്തിനെതിരായി റിപ്പോർട്ട് നൽകിയ പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നീ മേൽനോട്ട സമിതി അംഗങ്ങളെ പിരിച്ചുവിടണമെന്ന് മുല്ലപെരിയാർ ജന സംരക്ഷണ സമിതി ചെയർമാൻ അഡ്വ. റോയ് വാരിക്കാട്ട് അധ്യക്ഷ പ്രസംഗത്തിൽ ആവശ്യപ്പെട്ടു.

ജന സംരക്ഷണസമിതി വർക്കിംഗ് ചെയർമാൻ ഷിബു കെ തമ്പി, ഉസ്താദ് ഖാലിദ് സഖാഫി, റഫീഖ് അഹമ്മദ് സഖാഫി, സ്വാമി അയ്യപ്പദാസ്, ഫാ.ഏലിയാസ് ചെറുകാട്ട്, കോർ എപ്പിസ്കോപ്പ ഫാ.സ്ലീബാ പോൾ വട്ടവേലിൽ, അഡ്വ. സംഗീത വിശ്വനാഥ്, ചാർളി പോൾ, പി.ജി സുഗുണൻ, ടി.ആർ ദേവൻ, കുരുവിള മാത്യൂസ്, ജോർജ് സെബാസ്റ്റ്യൻ, എ.എം റെജിമോൻ, സജു തറനിലം എന്നിവർ പ്രസംഗിച്ചു.

സമാപന സമ്മേളനം എസ് എൻ ഡി പി യോഗം അസി.സെക്രട്ടറി തുഷാർ വെള്ളാപ്പള്ളി ഉദ്ഘാടനം ചെയ്തു. ജനങ്ങളുടെ ഭീതിയകറ്റാൻ മുല്ലപെരിയാർ വിഷയത്തിൽ അടിയന്തിര ഇടപെടൽ വേണമെന്ന് തുഷാർ വെള്ളാപ്പള്ളി ആവശ്യപ്പെട്ടു. വിഷയം കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.



# ഹോണ്ട എലിവേറ്റിന്റെ അപ്പെക്സ് എഡിഷൻ പുറത്തിറക്കി ഹോണ്ട കാർസ്

**ന്യൂഡൽഹി:** പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യാ ലിമിറ്റഡ് (എച്ച്സിഐഎൽ) തങ്ങളുടെ ജനപ്രിയ ഇടത്തരം എസ്!യുവി ആയ ഹോണ്ട എലിവേറ്റിന്റെ പുതിയ അപ്പെക്സ് എഡിഷൻ ദി ഗ്രേറ്റ് ഹോണ്ട ഫെസ്റ്റിന്റെ ഭാഗമായി ഈ ഉത്സവ സീസണിൽ പുറത്തിറക്കുന്നു. പരിമിതമായ എണ്ണം മാത്രം പുറത്തിറക്കുന്ന ഈ അപ്പെക്സ് എഡിഷൻ മാനുവൽ ട്രാൻസ്മിഷനിലും (എംടി) കണ്ടിന്യുവസ്ലി വേരിയബിൾ ട്രാൻസ്മിഷനിലും (സിവിടി) ലഭ്യമാണ്. ഹോണ്ട എലിവേറ്റിന്റെ വി, വിഎക്സ് ഗ്രേഡുകളുടെ അടിസ്ഥാനത്തിലാണ് ഇവ നൽകുന്നത്. ഹോണ്ട എലിവേറ്റിന്റെ ബോൾഡ് ഡിസൈൻ, വിശാലവും സുഖപ്രദവുമായ ഇന്റീരിയർ, ആധുനിക സവിശേഷതകൾ എന്നിങ്ങനെയുള്ളവ ഉൾപ്പെടുത്തി കൊണ്ടുള്ള അപ്പെക്സ് എഡിഷൻ അകത്തളത്തിലും പുറത്തളത്തിലും ഒരുപോലെ പ്രീമിയം മെച്ചപ്പെടുത്തൽ പാക്കേജുമായി എല്ലാ നിറങ്ങളിലും വാഗ്ദാനം ചെയ്യുന്നു.


# ഇരുചക്രവാഹനങ്ങളുടെ ഓൺലൈൻ വിപണി ഒരുക്കി ഫ്ളിപ്പ്കാർട്ട്

**തിരുവനന്തപുരം:** ഇരുചക്രവാഹന വിപണിയിൽ ഓൺലൈൻ മുന്നേറ്റവുമായി ഫ്ളിപ്പ്കാർട്ട്. ഹീറോ, ജാവ, യെസ്ഡി, ബജാജ്, ടിവിഎസ്, ഒല, എഥർ, ചേതക്, വിദ തുടങ്ങിയ മുൻനിര കമ്പനികളുടെ പെട്രോൾ, ഇലക്ട്രിക് ഇരുചക്രവാഹനങ്ങൾ മികച്ച വിലയിൽ ഓഫറുകളോടെ ലഭ്യമാക്കുകയാണ് ഫ്ളിപ്പ്കാർട്ട്. രാജ്യവ്യാപകമായി 700ലധികം നഗരങ്ങളിൽ ഡെലിവറി സംവിധാനം ഒരിക്കിയിട്ടുണ്ട്. ഓഡിയോ/വീഡിയോ മാർഗ്ഗനിർദ്ദേശത്തിലൂടെ, ഉപഭോക്താക്കൾക്ക് വീട്ടിലെ ഇരുന്നുകൊണ്ട് തന്നെ ഇൻഷുറൻസ്, രജിസ്ട്രേഷൻ, ഫിനാൻസിങ് എന്നീ മുഴുവൻ വാങ്ങൽ പ്രക്രിയയും പൂർത്തിയാക്കാനാകും. കൂടാതെ, 3ഉ, ഓഗ്മെന്റഡ് റിയാലിറ്റി പോലുള്ള നൂതന ഫീച്ചറുകൾ ഇരുചക്രവാഹനങ്ങളെ നന്നായി മനസിലാക്കാനും സഹായിക്കും.

ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിൽ 5% അൺലിമിറ്റഡ് ക്യാഷ്ബാക്ക്, പ്രമുഖ ബാങ്കുകളിൽ നിന്നുള്ള പ്രത്യേക ഡീലുകൾ, സൂപ്പർ കോയിൻസ് വഴിയുള്ള ലോയൽറ്റി ആനുകൂല്യങ്ങൾ, താങ്ങാനാവുന്ന ഫിനാൻസിംഗ് ഓപ്ഷനുകൾ എന്നിവയിലൂടെ ഉപഭോക്താക്കൾക്ക് ഫ്ളിപ്പ്കാർട്ടിൽ പ്രയോജനം നേടാം.

# പുറവങ്കരയുടെ പൂർവ്വ എൻആർഐ ഹോം ഫെസ്റ്റ് ദുബായിൽ

**കൊച്ചി:** പ്രമുഖ റിയൽ എസ്റ്റേറ്റ് കമ്പനികളിലൊന്നായ പുറവങ്കര ലിമിറ്റഡ് ദുബായിലെ പ്രവാസി ഇന്ത്യക്കാർക്കായി പുറവങ്കരയുടെ പുതിയ പ്രൊജക്റ്റുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പൂർവ്വ എൻആർഐ ഹോം ഫെസ്റ്റ്' സംഘടിപ്പിക്കുന്നു. ദുബായിയിലെ ഷാംഗ്രില ഹോട്ടലിൽ 2024 സെപ്റ്റംബർ 28, 29 തീയതികളിലായി രാവിലെ പത്ത് മുതൽ വൈകിട്ട് എട്ടു വരെയാണ് പരിപാടി.




പൂർവ്വ എൻആർഐ ഹോം ഫെസ്റ്റിൽ പ്രോപ്പർട്ടി ഓപ്ഷനുകളുടെ സമഗ്രമായ നിരയാണ് ഒരുക്കിയിരിക്കുന്നത്. കൊച്ചി, ബെംഗളൂരു, ചെന്നൈ, മുംബൈ, പൂനെ എന്നിവിടങ്ങളിലെ ഇരുപതിലധികം പ്രൊജക്റ്റുകളിലായുള്ള 4000 ത്തോളം വീടുകൾ ഹോം ഫെസ്റ്റിൽ പ്രവാസി ഇന്ത്യക്കാർക്കായി അവതരിപ്പിക്കും. 600 മുതൽ 5,000 ചതുരശ്ര അടി വരെ വലുപ്പമുള്ള ഒന്ന് മുതൽ അഞ്ച് വരെ ബഡ്റൂമുകളുള്ള അപ്പാർട്ടുമെൻറുകൾ, വില്ലകൾ, വില്ല പ്ലോട്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പോർട്ട്ഫോളിയോയിൽ നിന്നും തെരഞ്ഞെടുക്കാൻ പ്രവാസികൾക്ക് അവസരം ലഭിക്കും.

കോവിഡിനു ശേഷം നാട്ടിൽ വസ്തു വാങ്ങുന്നതിൽ പ്രവാസികൾക്ക് താൽപര്യം വർധിച്ചിട്ടുണ്ടെന്നും ഇത് കണക്കുകളിൽ വ്യക്തമാണെന്നും പുറവങ്കര ലിമിറ്റഡ് ഗ്രൂപ്പ് സിഇഒ അഭിഷേക് കപൂർ പറഞ്ഞു

# ക്യു.ജെ മോട്ടോറിനും മോട്ടോ മോറിനിക്കും പ്രത്യേക വിലയുമായി ആദീശ്വർ ഓട്ടോ റൈഡ് ഇന്ത്യ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സൂപ്പർബൈക്ക് ബ്രാൻഡുകളിലൊന്നായ ആദീശ്വർ ഓട്ടോ റൈഡ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് തങ്ങളുടെ ജനപ്രിയ ക്യു.ജെ മോട്ടോർ, മോട്ടോ മോറിനി മോഡലുകളിൽ എക്സ്ക്ലൂസീവ് ഓഫറുകളുമായി ഉത്സവ സീസണിനായി ഒരുങ്ങുന്നു.



റെട്രോപ്രചോദിത മോട്ടോർ സൈക്കിളായ ക്യു.ജെ മോട്ടോറിന്റെ ക്ലാസിക് എസ്.ആർ.സി സീരീസിലെ എസ ആർ സി 250നു 30000 രൂപയും എസ ആർ സി 500നു 40000 രൂപയുമാണ് കമ്പനി ഓഫർ നൽകുന്നത്. കാലാതീതമായ രൂപകൽപ്പനയും അത്യാധുനിക സാങ്കേതികവിദ്യയും സമന്വയിപ്പിക്കുന്ന, SRC 250, SRC 500, SRV 300, SRK 400 എന്നിവയുൾപ്പെടെയുള്ള ക്യു.ജെ മോട്ടോർ ലൈനപ്പ് ഇപ്പോൾ വെറും 1.49 ലക്ഷം മുതൽ ആരംഭിക്കുന്നു.

ഇറ്റാലിയൻ മാർക്വീ വാഹനമായ മോട്ടോ മോറിനിയുടെ എക്സ് കേപ്പ് 650ക്കു 1.31 ലക്ഷം രൂപയും എക്സ് കേപ്പ് 650എക്സിനു 1.01 ലക്ഷം രൂപയുമാണ് ഈ ഉത്സവകാലത്ത് കമ്പനി ഓഫർ നൽകുന്നത്. മോട്ടോ മോറിനി ശ്രേണിയിൽ 650cc റേഞ്ചിൽ സീമെസോ റെട്രോ സ്ട്രീറ്റ്, സ്ക്രാംബ്ലർ എന്നിവ ഉൾപ്പെടെ 4 മോഡലുകളും അതോടൊപ്പം Cape 650, XXCape 650X എന്നിവയും ഉൾപ്പെടുന്നു.

# തമിഴ്നാട് ട്രാവൽ എക്സ്പോ 2024 ഉദ്ഘാടനം ചെയ്തു

**മധുര:** തമിഴ്നാട് ട്രാവൽ എക്സ്പോ 2024 ഉദ്ഘാടനം ചെയ്തു. ഇതോടൊപ്പം മധുരയുടെ പൈതൃകവും സംസ്കാരവും ടൂറിസം സാധ്യതകളും വിളിച്ചോതുന്ന wwwt.ravel2tamilnadu.com എന്ന വെബ്സൈറ്റും ഉദ്ഘാടനം ചെയ്തു. പൈതൃക നഗരമായ മധുരയുടെ സംസ്കാരവും പാരമ്പര്യവും വ്യക്തമാക്കുന്ന വെബ്സൈറ്റിൽ വൈകാതെ തമിഴ്നാട്ടിലെ മറ്റ് ജില്ലകളുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തുമെന്ന് അധികൃതർ വ്യക്തമാക്കി.



കാലത്തെ അതിജീവിക്കുന്ന പൈതൃകം, ഊർജ്ജസ്വലമായ സംസ്കാരം, അവിസ്മരണീയമായ യാത്രകൾക്കുള്ള അവസരങ്ങൾ എന്നിവയാൽ തമിഴ്നാട് ഇന്ത്യയിലെ ഏറ്റവും അമൂല്യമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാണെന്ന് തമിഴ്നാട് ട്രാവൽ എക്സ്പോ 2024 ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയം റീജിയണൽ ഡയറക്ടർ ഡി വെങ്കിടേശൻ പറഞ്ഞു. തമിഴ്നാടിന്റെ സാംസ്കാരിക ഹൃദയമിടിപ്പ് എന്നറിയപ്പെടുന്ന മധുര ഈ സമ്പന്നമായ പൈതൃകത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു. ആഴത്തിൽ വേരൂന്നിയ ചരിത്രം, വിസ്മയിപ്പിക്കുന്ന ക്ഷേത്രങ്ങൾ, ആകർഷകമായ കഥകൾ എന്നിവയാൽ മധുര തമിഴ്നാട് ട്രാവൽ എക്സ്പോയുടെ പ്രധാന കേന്ദ്രമായി നിലകൊള്ളുന്നതായും അദ്ദേഹം പറഞ്ഞു.

സവിശേഷമായ സാംസ്കാരവും പൈതൃകവും നിറഞ്ഞ സംസ്ഥാനമാണ് തമിഴ്നാടെന്ന് സിഐഐ ടാസ്ക് ഫോഴ്സ് ടൂറിസം ചെയർമാൻ വിക്രം കോട്ട പറഞ്ഞു. ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ പതിറ്റാണ്ടുകൾ പഴക്കമുള്ള സ്മാരകങ്ങൾ ഉണ്ടെങ്കിലും തമിഴ്നാടിന്റെ പൈതൃകം നൂറ്റാണ്ടുകളായി നിലനിൽക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. വിനോദസഞ്ചാര മേഖലയിലടക്കം വളരെയേറെ വളർച്ചാ സാധ്യതകളുള്ള നഗരമാണ് മധുരയെന്ന് സിഐഐ മധുര സോൺ ചെർമാൻ സൗന്ദർ കണ്ണൻ പറഞ്ഞു. നഗരത്തിന്റെ സമ്പന്നമായ ചരിത്രം, മതപരമായ പ്രാധാന്യം, പ്രകൃതി സൗന്ദര്യം എന്നിവ സഞ്ചാരികളെ ആകർഷിക്കുന്ന സ്ഥലമാക്കി മാറ്റുന്നതായും അദ്ദേഹം പറഞ്ഞു.

ഉദ്ഘാടനത്തിന്റെ ഭാഗമായി മധുര ജില്ലയ്ക്ക് മാത്രമായി ഒരു വെബ്സൈറ്റ് ആരംഭിച്ചു, ഇത് തമിഴ്നാട്ടിലെ മറ്റെല്ലാ ജില്ലകളെയും ഉൾപ്പെടുത്തി ഉടൻ നവീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് wwwt.ravel2tamilnadu.com ക്ലിക്കുചെയ്യുകയോ 9500644898 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ വിളിക്കുകയോ ചെയ്യുക. തമിഴ്നാട് വിനോദസഞ്ചാര വകുപ്പിന്റെയും കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന്റെയും പിന്തുണയോടെ ട്രാവൽ ക്ലബ് മധുര, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ), സൗത്ത് ഇന്ത്യ ഹോട്ടൽസ് ആൻഡ് റെസ്റ്റോറന്റ് അസോസിയേഷൻ എന്നിവയാണ് തമിഴ്നാട് ട്രാവൽ എക്സ്പോ 2024 സംഘടിപ്പിക്കുന്നത്.

# വോഡഫോൺ ഐഡിയ 3.6 ബില്യൺ ഡോളറിന്റെ മെഗാ ഡീൽ പൂർത്തിയാക്കി

**കൊച്ചി:** വോഡഫോൺ ഐഡിയയ്ക്ക് അടുത്ത മൂന്നു വർഷത്തേക്ക് നെറ്റ്വർക്ക് ഉപകരണങ്ങൾ വിതരണം ചെയ്യാനായി നോക്കിയ, എറിക്സൺ, സാംസങ് എന്നിവയുമായി 3.6 ബില്യൺ ഡോളറിൻറെ (300 ബില്യൺ രൂപ) മെഗാ ഇടപാടു പൂർത്തിയായി.

അടുത്ത മൂന്നു വർഷത്തേക്ക് 6.6 ബില്യൺ ഡോളറിൻറെ (550 ബില്യൺ രൂപ) പുതുക്കൽ നടപടികളിലേക്കുള്ള കമ്പനിയുടെ മൂലധന നിക്ഷേപ നീക്കങ്ങളിലെ ആദ്യ ചുവടു വെപ്പാണ് ഈ ഇടപാട്. 4ജി സേവനം 1.03 ബില്യണിൽ നിന്ന് 1.2 ബില്യണിലേക്ക് എത്തിക്കുന്ന വിധത്തിലെ വികസനവും സുപ്രധാന വിപണികളിൽ 5ജി അവതരിപ്പിക്കുന്നതും ഡാറ്റാ വളർച്ചയ്ക്ക് അനുസൃതമായി ശേഷി വികസിപ്പിക്കുന്നതും ലക്ഷ്യമിട്ടാണ് ഈ മൂലധന നിക്ഷേപം. കമ്പനിയുടെ നിലവിലുള്ള ദീർഘകാല പങ്കാളികളായ നോക്കിയ, എറിക്സൺ എന്നിവരുമായുള്ള സഹകരണം തുടരുന്നതോടൊപ്പം സാംസങിനെ പുതിയ പങ്കാളിയാക്കുകയും ചെയ്തിരിക്കുകയാണ്.

കൂടുതൽ മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവങ്ങൾ ലഭ്യമാക്കും വിധം ഏറ്റവും അത്യാധുനിക ഉപകരണങ്ങൾ വേഗത്തിൽ ലഭിക്കാൻ ഈ കരാറുകൾ കമ്പനിയെ സഹായിക്കും.

ഈ സ്ഥാപനങ്ങൾക്ക് ഇന്ത്യൻ വിപണിയെ കുറിച്ചുള്ള വിപുലമായ കാഴ്പ്പാട് 4ജി, 5ജി സാങ്കേതികവിദ്യകളിൽ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാനും കമ്പനിയെ സഹായിക്കും.

ഇതിന് പുറമെ പുതിയ ഉപകരണങ്ങളുടെ ഊർജ്ജക്ഷമത പ്രവർത്തന ചെലവുകൾ കുറക്കാനും കമ്പനിയെ സഹായിക്കും. ഈ ദീർഘകാല ഇടപാടുകളുടെ ഭാഗമായുള്ള ആദ്യ സപ്ലൈകൾ അടുത്ത ത്രൈമാസത്തിലായിരിക്കും ആരംഭിക്കുക.

1.2 ബില്യൺ ഇന്ത്യക്കാർക്ക് 4ജി കവറേജ് ലഭ്യമാക്കുന്ന വിധത്തിലെ വിപുലീകരണമായിരിക്കും കമ്പനിയുടെ മുഖ്യ പരിഗണന.

# കേരള ട്രാവൽമാർട്ട് നാളെ മുതൽ

**കൊച്ചി:** പന്ത്രണ്ടാമത് കേരള ട്രാവൽമാർട്ട് നാളെ (26.09.2024 വ്യാഴം) മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. രാജ്യത്തെ ഏറ്റവും വലിയ ട്രാവൽമാർട്ടായ കെടിഎം 24 ൽ 2860 ബയർമാരും 347 സ്റ്റാളുകളുമാണുള്ളത്.

വ്യാഴാഴ്ച കൊച്ചിയിലെ ലെ മെറഡിയൻ ഹോട്ടലിലാണ് ഉദ്ഘാടനച്ചടങ്ങ്. സംസ്ഥാന ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് അധ്യക്ഷനാകുന്ന ചടങ്ങിൽ ധനമന്ത്രി കെ എൻ ബാലഗോപാൽ മുഖ്യാതിഥിയായിരിക്കും. കേരള ടൂറിസത്തിന് നൽകിയ സംഭാവകളുടെ അംഗീകാരമായി മുൻ ചീഫ് സെക്രട്ടറി ഡോ. വി വേണുവിനെ ചടങ്ങിൽ മുഖ്യമന്ത്രി ആദരിക്കും. കേന്ദ്ര ടൂറിസം വകുപ്പ് അഡി. സെക്രട്ടറി സുമൻ ബില്ല ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും.

കെടിഎം സൊസൈറ്റിയുടെ കാൽനൂറ്റാണ്ട് തികയുന്ന അവസരത്തിൽ വലിയ പ്രതീക്ഷകളോടെയാണ് ട്രാവൽമാർട്ട് നടക്കുന്നത്. ചരിത്രത്തിലാദ്യമായാണ് 2,839 ബയർമാർ മാർട്ടിനെത്തുന്നത്. 2018 ലാണ് ഇതിനു മുമ്പ് ഏറ്റവുമധികം(1,305) ബയർമാരെത്തിയത്. ഇക്കുറി ആഭ്യന്തര ബയർമാർ 2,035 ഉം 76 രാജ്യങ്ങളിൽ നിന്നായി 804 വിദേശബയർമാരുമുണ്ട്.

ഉദ്ഘാടനച്ചടങ്ങിന് ശേഷം വെല്ലിംഗ്ടൺ ഐലൻറിലെ സാഗര, സാമുദ്രിക കൺവെൻഷൻ സെൻററിലാണ് മൂന്ന് ദിവസത്തെ മാർട്ട് നടക്കുന്നത്. വാണിജ്യ കൂടിക്കാഴ്ചകൾ, നയകർത്താക്കളുടെ യോഗങ്ങൾ, ദേശീയഅന്തർദേശീയ വിദഗ്ധർ പങ്കെടുക്കുന്ന സെമിനാറുകൾ തുടങ്ങിയവയും മൂന്ന് ദിവസത്തെ മാർട്ടിലുണ്ടാകും. ഞായറാഴ്ച പൊതുജനങ്ങൾക്ക് സൗജന്യമായി മാർട്ട് സന്ദർശിക്കാം. ആദ്യ രണ്ട് ദിവസവും പ്രവേശനം പാസു മൂലം നിയന്ത്രിതമായിരിക്കും.

കെടിഎം സൊസൈറ്റിയിലെ മുൻ പ്രസിഡൻറുമാരെയും സെക്രട്ടറിമാരെയും ഉദ്ഘാടനച്ചടങ്ങിൽ ആദരിക്കും. സെല്ലേഴ്സ് ഡയറക്ടറിയുടെ പ്രകാശനം ചീഫ് സെക്രട്ടറി ശാരദാമുരളീധരൻ നിർവഹിക്കും. കേരള ടൂറിസത്തെക്കുറിച്ച് വകുപ്പ് സെക്രട്ടറി കെ ബിജു അവതരണം നടത്തും. ഉത്തരവാദിത്ത ടൂറിസം എംഐസിഇ (മീറ്റിംഗ്സ്, ഇൻസെൻറീവ്സ്, കോൺഫറൻസസ്, എക്സിബിഷൻസ്), വിവാഹ ഡെസ്റ്റിനേഷൻ, ഉല്ലാസ നൗക ടൂറിസം തുടങ്ങിയവയാണ് ഇക്കുറി പ്രധാനമായും മുന്നോട്ടു വയ്ക്കുന്നത്.

ഹൈബി ഈഡൻ എംപി, എംഎൽഎമാരായ കെ ബാബു, കെ ജെ മാക്സി, ടി ജെ വിനോദ്, കെടിഡിസി ചെയർമാൻ പി കെ ശശി, കേരള ടൂറിസം ഡയറക്ടർ ശിഖ സുരേന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും. കെടിഎം സൊസൈറ്റി പ്രസിഡൻറ് ജോസ് പ്രദീപ് സ്വാഗതവും സെക്രട്ടറി എസ് സ്വാമിനാഥൻ നന്ദിയും പ്രകാശിപ്പിക്കും.

കേരള ടൂറിസം പ്രതിസന്ധിലായ എല്ലാ സമയത്തും ഈ വ്യവസായത്തെ കൈപിടിച്ചുയർത്തിയത് കേരള ട്രാവൽ മാർട്ടാണ്. 2018 ലെ പ്രളയത്തിന് ശേഷവും 202021 ലെ കൊവിഡിനു ശേഷവും കേരള ടൂറിസത്തിൻറെ ആഗോള തലത്തിലുള്ള പുനരുജ്ജീവനത്തിന് കേരള ട്രാവൽ മാർട്ടിൻറെ നടത്തിപ്പ് ഏറെ സഹായകരമായിട്ടുണ്ട്.

# ബിജിഎംഐ പ്രോ സീരീസ് ഫൈനൽ കൊച്ചിയിൽ; ആവേശപ്പൊലിമ കൂട്ടാൻ കേരള ബ്ലാസ്റ്റേഴ്സും




**കൊച്ചി:** ജനപ്രിയ മൊബൈൽ ഗെയിമായ ബാറ്റിൽഗ്രൗണ്ട് മൊബൈൽ ഇന്ത്യയുടെ പ്രോ സീരീസ് 2024 ഫൈനലിന് കൊച്ചി വേദിയാകും. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ഇസ്പോർട്സ് പരിപാടി അങ്കമാലിയിലെ അഡ്ലക്സ് കൺവെൻഷൻ സെന്ററിൽ സെപ്റ്റംബർ 27ന് തുടങ്ങും. മത്സരത്തിന്റെ ആവേശം കൂട്ടാൻ കളിക്കാർക്ക് പിന്തുണയുമായി ആദ്യ ദിനത്തിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയും പങ്കെടുക്കും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രൊഫഷണൽ ബിജിഎംഐ കളിക്കാർ അടങ്ങുന്ന 16 ടീമുകളാണ് വാശിയേറിയ മത്സരത്തിൽ മാറ്റുരയ്ക്കുന്നത്. 2 കോടി രൂപയുടെ സമ്മാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

ഉച്ചയ്ക്ക് 12 മുതൽ 6 വരെയാണ് മത്സരങ്ങൾ. ദിവസം ആറ് മത്സരങ്ങളാണ് നടക്കുക. മൂന്നാം ദിവസം വരെയുള്ള ആകെ സ്കോറുകൾ കണക്കാക്കിയാണ് വിജയികളെ തീരുമാനിക്കുന്നത്. കടുത്ത ക്വാളിഫയർ മത്സരങ്ങൾ അതിജീവിച്ചാണ് 16 ടീമുകൾ ഫൈനലിലെത്തിയിരിക്കുന്നത്.

ഇസ്പോർട്സ് ഇഷ്ടപ്പെടുന്നവർക്ക് മത്സരം നേരിട്ട് കാണുന്നതിന് പ്രവേശനം സൗജന്യമാണ്. പ്രീമിയം എക്സ്പീരിയൻസ് നൽകുന്ന എലൈറ്റ് പാസിന് പ്രതിദിനം 5000 രൂപയാണ് വില. ആഡംബര സീറ്റുകൾ, ഭക്ഷണം, പ്രശസ്ത ഇസ്പോർട്സ് കളിക്കാരെ നേരിട്ട് കാണാനുള്ള അവസരം, പ്രത്യേക മെർച്ചൻഡൈസ് എന്നിവ ഇതിലുൾപ്പെടും. ഇൻസൈഡർ വെബ്സൈറ്റിലൂടെ ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്.

നുമെൻ ഗെയിമിംഗ്, ടിഡബ്ല്യൂബി, ഫീനിക്സ്, വേഴ്സറ്റൈൽ, മെഡൽ ഇസ്പോർട്സ്, ലിംറ, റെക്കണിങ് ഇസ്പോർട്സ്, എക്സ്സ്പാർക്, ഇൻഫെർണോ സ്ക്വാഡ്, ഇഗ്നൈറ്റ് ഗെയിമിംഗ്, ഗോഡ്ലൈക്ക്, ഒറാങ്ങുട്ടാൻ, ബ്ലിസ്, ഹൈദരാബാദ് ഹൈഡ്രാസ്, എയ്റ്റ് ബിറ്റ്, സില്ലി എന്നീ ടീമുകളാണ് ഫൈനലിലേക്ക് യോഗ്യത നേടിയിട്ടുള്ളത്.

# മോട്ടറോള എഡ്ജ് 50 നിയോ പുറത്തിറങ്ങി

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും ഭാരം കുറഞ്ഞ മിലിട്ടറി ഗ്രേഡ് സർട്ടിഫൈഡ് ഡ്യൂറബിൾ സ്മാർട്ട്ഫോൺ ആയ മോട്ടറോള എഡ്ജ് 50 നിയോ പുറത്തിറങ്ങി. വെറും 171 ഗ്രാം ഭാരവും 8.10 മില്ലിമീറ്റർ കനവും മാത്രം വരുന്ന ഈ ഫോൺ, മോട്ടോ എഐ സാങ്കേതികവിദ്യയിൽ 50 എംപി അൾട്രാ പിക്സൽ എഐ ക്യാമറ, 6.4 ഇഞ്ച് ഫ്ലാറ്റ് ഡിസ്പ്ലേ, 68 വാട്ട് ടർബോപവർ ഫാസ്റ്റ് ചാർജിംഗ്, 15 വാട്ട് വയർലെസ് ചാർജിംഗ്, 30X എഐ സൂപ്പർ സൂം ഉള്ള 10 എംപി ടെലിഫോട്ടോ ലെൻസ് എന്നിവ വരുന്നതാണ്. ഐപി68റേറ്റഡ് അണ്ടർവാട്ടർ പ്രൊട്ടക്ഷൻ, സ്മാർട്ട് വാട്ടർ ടച്ച് ടെക്നോളജി എന്നീ പ്രേത്യേകതകളും മോട്ടറോള എഡ്ജ് 50 നിയോയിൽ വരുന്നുണ്ട്.

പരമാവധി സർഗ്ഗാത്മകതയോടു കൂടിയ മിനിമലിസ്റ്റ് ഡിസൈനിനാൽ ശ്രദ്ധേയമാണ് എഡ്ജ് 50 നിയോ എന്ന് മോട്ടറോള ഇന്ത്യ മാനേജിംഗ് ഡയറക്ടർ ടി എം നരസിംഹൻ പറഞ്ഞു. 50 എംപി എഐപവേർഡ് ക്യാമറ മുതൽ അൾട്രാ പ്രീമിയം സൂപ്പർ എച്ച്ഡി ഡിസ്പ്ലേ വരെയുള്ള സെഗ്മെന്റിലെ നിരവധി മുൻനിര സവിശേഷതകളും ഇതിൽ വരുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



നോട്ടിക്കൽ ബ്ലൂ, പോയിൻസിയാന, ലാറ്റെ, ഗ്രിസൈൽ എന്നീ കളറുകളിൽ മോട്ടോറോള എഡ്ജ് 50 നിയോ 8ജിബി+256ജിബി വേരിയന്റിൽ ഫ്ലിപ്കാർട്ട്, മോട്ടറോള.ഇൻ എന്നിവയിലും റീട്ടെയിൽ സ്റ്റോറുകളിലും 23,999 രൂപയ്ക്ക് ലഭ്യമാണ്. എക്സ്ചേഞ്ച് അല്ലെങ്കിൽ ബാങ്ക് ഓഫർ വഴി 1,000 രൂപ കിഴിവും ലഭ്യമാണ്.

# നിഫ്റ്റി ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ച് എസ്ബിഐ മുച്വൽ ഫണ്ട്

**കൊച്ചി:** വിപണിയിലെ പ്രധാന 500 ഓഹരികളിൽ നിക്ഷേപിക്കാവുന്ന നിഫ്റ്റി ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ച് എസ്ബിഐ മുച്വൽ ഫണ്ട്. ഈ മാസം 24വരെ ഈ ഫണ്ടിൽ നിക്ഷേപിക്കാം. ചെറുകിട, ഇടത്തരം കമ്പനികളുടെ ഓഹരികളിലും നിക്ഷേപിക്കാമെന്നതാണ് ഈ ഫണ്ടിന്റെ പ്രത്യേകത. നിക്ഷേപിക്കേണ്ട ഏറ്റവും കുറഞ്ഞ തുക 5000 രൂപയാണ്. കൃത്യമായ ഇടവേളകൾ തിരഞ്ഞെടുത്തു നിക്ഷേപം നടത്താനും അവസരമുണ്ട്. വിപണിയിൽ മികച്ച പ്രകടനം നടത്തുന്ന ഓഹരികളെ കണ്ടെത്താനും നിക്ഷേപകർക്ക് മികച്ച റിട്ടേൺ ലഭിക്കാനുമുള്ള അവസരമായാണ് നിഫ്റ്റി ഇൻഡക്സ് ഫണ്ട് അവതരിപ്പിക്കുന്നതെന്ന് എസ്ബിഐ മുച്വൽ ഫണ്ട്സ് എംഡിയും സിഇഒയുമായ ഷംഷേർ സിംഗ് പറഞ്ഞു




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com